# ഒയാസിസ്

## റിവിഷൻ പാക്കേജ്

## പത്താം തരം

## സാമൂഹ്യശാസ്ത്രം - I

ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)
ഇടുക്കി, തൊടുപുഴ
**2020-21**

ശിൽപശാലയിൽ പങ്കെടുത്തവർ

1. ഷാഹുൽ ഹമീദ്

   എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)

   ജി.എച്ച്.എസ് മന്നാംകണ്ടം

2. ജോളി എം മുരിങ്ങമറ്റം

   എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)

   എസ്.ജെ.എച്ച്.എസ്.എസ് കരിമണ്ണൂർ

3. സിജോ ജോർജ്ജ്

   എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)

   ജി.എച്ച്.എസ്.എസ് മുള്ളരിങ്ങാട്

അക്കാദമിക മേൽനോട്ടം

**എ.എം. ഷാജഹാൻ**

**ലക്ചറർ, സി.എം.ഡി.ഇ ഫാക്കൽറ്റി, ഡയറ്റ്, ഇടുക്കി**

---


**ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)**

**ഇടുക്കി, തൊടുപുഴ**

ഫോൺ: **04862 226990** **email: dietidukki@gamil.com**

**website: www.dietidukki.in**

# റിവിഷൻ പാക്കേജിനെക്കുറിച്ച്

'മൾട്ടിപ്പിൾ റപ്രസന്റേഷൻ ഓഫ് റിയാലിറ്റി' എന്ന ആശയത്തിന് ജ്ഞാനനിർമ്മിതി സമീപനത്തിൽ വളരെ പ്രധാന്യമുണ്ട്. Glasersfeld (2008; 1991; 1989) ന്റെ അഭിപ്രായത്തിൽ യഥാർത്ഥ ലോകവുമായി ബന്ധപ്പെട്ട് ഒരാളുടെ തലച്ചോറിൽ ഉണ്ടാകുന്ന രൂപം യഥാർത്ഥ ലോകത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നുവെന്ന് നമുക്ക് യാതൊരു ഉറപ്പുമില്ല. ഇത് മനുഷ്യന്റെ സംവേദനവ്യവസ്ഥ യാഥാർത്ഥ്യത്തെ തലച്ചോറിൽ എങ്ങനെ ക്രമീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുമത്രേ! ഗ്ലെയ്സേർസ് ഫെഡിന്റെ ജ്ഞാനനിർമ്മിതിവാദം റാഡിക്കൽ കൺസ്ട്രക്റ്റിവിസം (Radical Constructivism) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരാൾ ഒരു താമരപ്പൂ കാണുമ്പോൾ അയാളുടെ മനസ്സിൽ രൂപപ്പെടുന്ന ആശയം അഥവാ രൂപം യഥാർത്ഥ താമരപ്പൂവിന്റേതു തന്നെയാണോയെന്നത് നമ്മൾക്കെങ്ങനെ അറിയാൻ കഴിയും? അതുകൊണ്ടുകൂടിയാണ് പഠനപ്രക്രിയയിലുടനീളം മനസ്സിലാക്കിയ കാര്യങ്ങളെ പലരീതിയിൽ രേഖപ്പെടുത്താനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകണമെന്ന് പറയുന്നത്. പദസൂര്യൻ, പട്ടിക, ആശയഭൂപടം, ചിത്രീകരണം, ഫ്ലോചാർട്ട്, ടൈംലൈൻ, മൈന്റ് മാപ്പിംഗ് തുടങ്ങി മറ്റു പല തരത്തിലുള്ള കൊഗ്നിറ്റീവ് ഓർഗനൈസേഷനുകളായി നേടിയ അറിവിനെ ക്രമീകരിക്കുന്നതിലൂടെ ഓരോ കുട്ടിയുടെയും മാനസികനില, അറിവിന്റെ തലം, വികാസം എന്നിവ അധ്യാപകർക്ക് കണ്ടെത്താൻ കഴിയും. ഇതിലൂടെ നേടിയ അറിവ് യാഥാർത്ഥ്യത്തോട് എത്ര മാത്രം അടുത്തുനിൽക്കുന്നു എന്നത് ഗുണാത്മകമായി വിശകലനം ചെയ്യാനും സാധിക്കുന്നു. ഇത്തരം രേഖപ്പെടുത്തലുകൾക്കുള്ള അവസരമൊരുക്കുന്നത് ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട് മാത്രമല്ലെന്ന് സാരം.

പഠനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും കുട്ടിക്ക് ഇതിനുള്ള അവസരങ്ങൾ പല രീതിയിൽ അധ്യാപിക ഒരുക്കിക്കൊടുക്കുന്നതിനനുസരിച്ചായിരിക്കും രൂപപ്പെടുന്ന ഇത്തരം ഉല്പന്നങ്ങളുടെ വൈവിധ്യവും. ഇത് പഠനശേഷം നടക്കേണ്ട ഒരു കാര്യമല്ല. പഠനപ്രക്രിയയോടൊപ്പം നടക്കേണ്ടതായ ഒന്നാണ്. ഇത്തരം രേഖപ്പെടുത്തലുകൾ ആശയവ്യക്തതക്കും അറിവിന്റെ ഗുണമേന്മക്കും ഒഴിച്ചുകൂടാനാവാത്തതായി ജ്ഞാനനിർമ്മിതിവാദം പറയുന്നുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ അത്തരം അവസരങ്ങൾ ക്രിയാത്മകമായി ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പഠനശേഷം ലഭിച്ച അറിവിനെ ക്രമീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നത് അറിവിനെ പ്രബലപ്പെടുത്തുകയും ആശയങ്ങളുടെ വ്യക്തത വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതിനാലാണ് കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ പരീക്ഷയെ ആരോഗ്യകരമായി അഭിമുഖീകരിക്കുന്നതിനും കുട്ടികൾക്കുള്ള ആശങ്ക കുറക്കുന്നതിനുമായി ഇടുക്കി ഡയറ്റ് ഈ റിവിഷൻ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്.

പത്താം തരത്തിലെ വിവരവിനിമയസാങ്കേതികവിദ്യ ഒഴികെയുള്ള എല്ലാ വിഷയങ്ങളിലെയും എല്ലാ യൂണിറ്റുകളും ഉൾക്കൊള്ളിച്ചാണ് ഈ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ ഫോക്കസ് മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകി റിവിഷൻപാക്കേജ് ഉപയോഗിക്കാൻ എല്ലാ അധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**പ്രിൻസിപ്പാൾ, ഡയറ്റ്, ഇടുക്കി.**

# സോഷ്യൽ സയൻസ്

## അദ്ധ്യായം – 1

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**വിപ്ലവങ്ങൾ** : സ്വാതന്ത്ര്യവും അവകാശങ്ങളും നിഷേധിക്കുന്ന നിലവിലിരുന്ന വ്യവസ്ഥിതിയെ മാറ്റി പുതിയ ഒന്നിനെ സ്ഥാപിക്കൽ

**നവോത്ഥാനത്തിന്റെ ഫലമായി ഉണ്ടായ മാറ്റങ്ങൾ**

- ജ്ഞാനോദയം
- മാനവികത
- ശാസ്ത്രബോധം
- യുക്തിചിന്ത
- അന്വേഷണ തൃഷ്ണ
- പ്രദേശിക ഭാഷകളുടെ വളർച്ച

**ജ്ഞാനോദയം**

- ശാസ്ത്രരംഗത്ത് പുരോഗതി
- 18-ാം നൂറ്റാണ്ടിൽ ആരംഭം
- പുതിയ കാഴ്ച്ചപ്പാടുകൾ
- സ്വാതന്ത്ര്യം, ജനാധിപത്യം, സമത്വം, ദേശീയത
- ഏകാധിപത്യ വ്യവസ്ഥകളെ എതിർക്കാൻ പ്രചോദനം.

## അമേരിക്കൻ സ്വാതന്ത്ര്യ സമരം

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ വടക്കേ അമേരിക്കയിൽ നടന്ന സമരം

പ്രാതിനിധ്യമില്ലാതെ നികുതിയില്ല — **ജെയിംസ് ഓട്ടീസ്**

വിഭവങ്ങൾ കൈയടക്കാൻ ആയി യൂറോപ്പിൽ നിന്ന് വടക്കേ അമേരിക്കയിലേയ്ക്ക് ജനങ്ങൾ കൂടിയേറി അമേരിക്കയുടെ കിഴക്കൻ തീരങ്ങളിൽ 13 കോളനികൾ സ്ഥാപിച്ചു.

**മെർക്കന്റലിസം**
മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്താൽ കച്ചവടക്കാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കിയ നയങ്ങൾ

### മെർക്കന്റലിസ്റ്റ് നിയമങ്ങൾ

- **ഗതാഗത നിയമം** — ഇംഗ്ലീഷ് കപ്പൽ ഉപയോഗിക്കുക
- **കയറ്റുമതി നിയമം** — ഇംഗ്ലണ്ടിലേക്ക് മാത്രം
- **സ്റ്റാമ്പ് നിയമം** — പ്രമാണങ്ങൾ – ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ്
- **ഇറക്കുമതി ചുങ്കം** — തേയില, കടലാസ്, ഗ്ലാസ് എന്നിവയ്ക്ക്

സൈന്യത്തിനുവേണ്ട എല്ലാ ചെലവുകളും വഹിക്കണം

### ചിന്തകരുടെ സ്വാധീനം

**ജോൺ ലോക്ക്** → മനുഷ്യന് ചില മൗലികാവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല

**തോമസ് പെയിൻ** → ഏതെങ്കിലും വിദേശ ശക്തിക്ക് (ഇംഗ്ലണ്ട്) ഈ വൻകര (വടക്കേ അമേരിക്ക) ദീർഘകാലം കീഴടങ്ങി കഴിയണമെന്ന് യുക്തിക്ക് നിരക്കുന്നതല്ല.

## അമേരിക്കൻ സ്വാതന്ത്ര്യസമരം

- **1774** → ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് → ഫിലാഡൽഫിയ → രാജാവിന് നിവേദനം → യുദ്ധം ആരംഭിച്ചു.
- **1775** → രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് → ഫിലാഡൽഫിയ → തലവൻ → ജോർജ്ജ് വാഷിങ്ങ്ടൺ
- **1776** → അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം
- **1781** → യുദ്ധം അവസാനിച്ചു
- **1783** → പാരീസ് ഉടമ്പടി → കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു.

### അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ ഫലങ്ങൾ

- റിപ്പബ്ലിക്കൻ ഭരണ രീതി എന്ന ആശയം
- ഫെഡറൽ രാഷ്ട്രം എന്ന ആശയം
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന
- പിൽക്കാല സമരങ്ങൾക്ക് പ്രചോദനം
- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃക

# ഫ്രഞ്ച് വിപ്ലവം

**കാരണങ്ങൾ**

*രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം (ഏകാധിപത്യ ഭരണം, ധൂർത്തന്മാർ)
*ഫ്യൂഡൽ വ്യവസ്ഥ

**ചിന്തകർ**

വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ

## ഫ്യൂഡൽ വ്യവസ്ഥ

**ഒന്നാം എസ്റ്റേറ്റ്**
**പുരോഹിതർ**

- കർഷകരിൽ നിന്ന് തിഥെ നികുതി
- ഉയർന്ന പദവികൾ
- എല്ലാ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

**രണ്ടാം എസ്റ്റേറ്റ്**
**പ്രഭുക്കന്മാർ**

- നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.
- കർഷകരിൽ നിന്നും നികുതി
- സൈനിക സേവനം
- ആഡംബര ജീവിതം

**മൂന്നാം എസ്റ്റേറ്റ്**
**കച്ചവടക്കാർ, എഴുത്തുകാർ, അഭിഭാഷകർ മുതലായവർ**

- താഴ്ന്ന സാമൂഹിക പദവി
- ഭരണത്തിൽ അവകാശമില്ല
- സർക്കാരിന് തൈലേ നികുതി നൽകണം

## വോൾട്ടയർ

- പുരോഹിതന്മാരുടെ ചൂഷണത്തെ പരിഹസിച്ചു.
- യുക്തി ചിന്ത, സമത്വം, മനുഷ്യസ്നേഹം.

## റൂസ്സോ

- ജനങ്ങളാണ് പരമാധികാരി.
- സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്

## മൊണ്ടസ്ക്യൂ

- ജനാധിപത്യത്തെയും റിപ്പബ്ലിക്കിനെയും പ്രോത്സാഹിപ്പിച്ചു
- ഗവൺമെന്റ് നിയമനിർമ്മാണം, കാര്യനിർവ്വഹണം, നീതിന്യായം

## ടെന്നീസ് കോർട്ട് പ്രതിജ്ഞ


- 1789–ൽ ലൂയിപതിനാറാമൻ സ്റ്റേറ്റ് ജനറൽ വിളിച്ച് ചേർക്കുന്നു.
- ഒരു എസ്റ്റേറ്റിന് ഒരു വോട്ട് മതിയെന്ന് ഒന്നും രണ്ടും എസ്റ്റേറ്റുകൾ
- ഓരോ അംഗത്തിനും ഓരോ വോട്ട് വേണമെന്ന് മൂന്നാം എസ്റ്റേറ്റ്
- മൂന്നാം എസ്റ്റേറ്റ് തങ്ങളാണ് ഫ്രാൻസിലെ ദേശീയ അസംബ്ലിയെന്ന് പ്രഖ്യാപിച്ചു.
- ടെന്നീസ് കോർട്ടിൽ ചേർന്ന് ഫ്രാൻസിന് ഭരണഘടന തയ്യാറാക്കിയതിന് ശേഷമെ പിരിയുകയുള്ളുവെന്ന് മൂന്നാം എസ്റ്റേറ്റുകാർ പ്രതിജ്ഞ ചെയ്തു.

**1792 സെപ്റ്റംബർ** → **ഫ്രാൻസ് റിപ്പബ്ലിക് ആയി**

**1789 ഒക്ടോബർ** → **വേഴ്സായ് കൊട്ടാരത്തിലേക്ക് സ്ത്രീകളുടെ പ്രകടനം**

**1789 ആഗസ്റ്റ് 12** → **മനുഷ്യാവകാശ പ്രഖ്യാപനം**

**1789 ജൂലൈ 14** → **ബാസ്റ്റീൽ കോട്ടയുടെ പതനം**



## നെപ്പോളിയന്റെ ഭരണ പരിഷ്ക്കാരങ്ങൾ

- കർഷകർ കൃഷിഭൂമിയുടെ ഉടമകൾ
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിംഗ് ഫണ്ട്
- ഗതാഗത പുരോഗതിക്ക് റോഡുകൾ
- പുരോഹിതരുടെ മേൽ നിയന്ത്രണം
- ബാങ്ക് ഓഫ് ഫ്രാൻസ്
- നിയമസംഹിത

## ലാറ്റിനമേരിക്കൻ വിപ്ലവം

### നേതാക്കന്മാർ

ഫ്രാൻസിസ്കോ മിരാൻഡ
സൈമൺ ബോളീവർ
ജോസെസിനാൻ മാർട്ടിൻ

### കാരണങ്ങൾ

- വംശീയ വിവേചനം
- സമ്പത്തും വിഭവങ്ങളും യൂറോപ്യർ കൊള്ളയടിച്ചു
- അടിമകളെപ്പോലെ പണിയെടുപ്പിച്ചു

### ലാറ്റിനമേരിക്കൻ അധിനിവേശത്തിന്റെ ഫലങ്ങൾ

- സ്പാനിഷ് കൃഷി രീതികൾ
- സ്പാനിഷ് ശൈലിയിൽ വീടുകൾ, ദേവാലയങ്ങൾ
- ഭാഷ, മതം, ആചാരങ്ങൾ പ്രചരിപ്പിച്ചു

## റഷ്യൻ വിപ്ലവത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ

- സാർ ചക്രവർത്തിമാരുടെ ഏകാധിപത്യം
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിതങ്ങൾ
- തൊഴിലാളി സംഘടനകളുടെ രൂപീകരണം
- റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യയുടെ പരാജയം

## സോഷ്യൽ ഡമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി

- **ബോൾഷെവിക്കുകൾ**
  - ലെനിൻ
  - ട്രോട്സ്കി
- **മെൻഷെവിക്കുകൾ**
  - അലക്സാണ്ടർ കെരൻസ്കി

### ഫെബ്രുവരി വിപ്ലവം

1917–ൽ ഒന്നാം ലോകയുദ്ധത്തെത്തുടർന്ന് റഷ്യയിലെ തൊഴിലാളികളുടെയും സൈനികരുടെയും അവസ്ഥ വളരെ മോശമായി. അതിനെ തുടർന്നുണ്ടായ കലാപത്തെത്തുടർന്ന് ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിയുകയും മെൻഷെവിക് നേതാവായ അലക്സാണ്ടർ കെരൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു ഇതാണ് ഫെബ്രുവരി വിപ്ലവം

### ഒക്ടോബർ വിപ്ലവം

1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെതിരെ സമരം ചെയ്യുകയും തുടർന്ന് കെരൻസ്കി രാജ്യം വിട്ടുപോകുകയും റഷ്യ ബോൾഷെവിക്കുകളുടെ ഭരണത്തിൽ കീഴിലാക്കുകയും ചെയ്തു. ഇതാണ് ഒക്ടോബർ കലാപം

## റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ

- ഒന്നാം ലോകയുദ്ധത്തിൽ നിന്നുള്ള റഷ്യയുടെ പിൻമാറ്റം
- കർഷകർക്ക് ഭൂമി കിട്ടി
- പൊതു ഉടമസ്ഥത
- കേന്ദ്രീകൃത ആസൂത്രണം
- സോഷ്യലിസ്റ്റ് ആശയങ്ങളുടെ വ്യാപനം
- സോഷ്യലിസ്റ്റ് യൂണിയന്റെ രൂപീകരണം

## ചൈനീസ് വിപ്ലവം

**വിദേശക്തികൾ ചൈനയിൽ നടപ്പിലാക്കി രണ്ട് നയങ്ങൾ**

### കറുപ്പ് വ്യാപാരം

യൂറോപ്പിൽ വിവിധ ചൈനീസ് ഉൽപ്പന്നങ്ങൾക്ക് നല്ല ഡിമാന്റുണ്ടായിരുന്നു എന്നാൽ ചൈനയിലേക്ക് കാര്യമായ ഇറക്കുമതി ഇല്ലായിരുന്നു അത്തരം സാഹചര്യം ചൈനീസ് വ്യാപാരികൾക്ക് ലാഭവും യൂറോപ്യൻ വ്യാപാരികൾക്ക് നഷ്ടവും വരുത്തിയിരുന്നു. ഇതു പരിഹരിക്കാനായി ഇംഗ്ലീഷുകാർ വൻതോതിൽ കറുപ്പ് ചൈനയിലേക്ക് ഇറക്കുമതി ചെയ്തു ഇതുവഴി ചൈനക്കാർ സാമ്പത്തികമായും മാനസികമായും തകർന്നു.

### തുറന്ന വാതിൽ നയം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോൾ യൂറോപ്യൻമാർക്ക് ചൈനയിൽ നിന്ന് വ്യാപാരാനുകൂല്യങ്ങൾ ലഭിച്ചിരുന്നു. എന്നാൽ അമേരിക്കയ്ക്ക് അതു ലഭിച്ചില്ല. തുടർന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ജോൺ ഹേയ് പ്രഖ്യാപിച്ച നയമാണ് തുറന്നവാതിൽ നയം. ഇതുവഴി അമേരിക്കയ്ക്ക് ചൈനയിൽ ഇടപെടാൻ സാധിച്ചു.

**ഡോ.സൺയാത് സെൻ** — **കുമിന്താങ് പാർട്ടി** — **ആശയങ്ങൾ**

- ദേശീയത
- ജനാധിപത്യം
- സോഷ്യലിസം

### ലോംഗ് മാർച്ച്

ചിയാങ് കൈഷക്കിന്റെ നയങ്ങൾക്കെതിരെ മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ 1934-ൽ കമ്മ്യൂണിസ്റ്റുകൾ തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് പടിഞ്ഞാറ് യെനാൻ വരെ ഒരു യാത്ര നടത്തി. ഈ യാത്രയിലുടനീളം പ്രഭുക്കൻമാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് നൽകി. ഏകദേശം 12000 കിലോമീറ്റർ സഞ്ചരിച്ച ഈ യാത്ര ലോംഗ് മാർച്ച് എന്നറിയപ്പെടുന്നു.

## സോഷ്യൽ സയൻസ്

### അദ്ധ്യായം - 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

**ആഫ്രിക്കയിലെ രാഷ്ട്രങ്ങളുടെ അതിരുകൾ നേർരേഖയിലായത്.**

വിവരങ്ങൾ തേടി ആഫ്രിക്കൽ എത്തിയ യൂറോപ്യൻ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഫ്രിക്കയെ പങ്കിട്ടെടുത്തു. യൂറോപ്യൻ രാജ്യങ്ങൾ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഭൂപടത്തിൽ അതിർത്തികൾ വരച്ച് ആഫ്രിക്കയെ വീതം വെയ്ക്കുകയായിരുന്നു.

**മുതലാളിത്തത്തിൽ നിന്നും സാമ്രാജ്യത്വത്തിലേക്ക്**

വ്യവസായ വിപ്ലവം - ഫാക്ടറി വ്യവസ്ഥ - അധിക ഉത്പാദനം - തൊഴിലാളി സംഘടനകളുടെ രൂപീകരണം - കൂലി വർദ്ധനവ് - വർദ്ധിപ്പിച്ച ഉത്പാദന ചെലവ് - മൂലധന കയറ്റുമതി - കോളനിവത്കരണം - സാമ്രാജ്യത്വം

**കോളനിവത്ക്കരണം:** ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ യൂറോപ്യൻ രാഷ്ട്രങ്ങൾ രാഷ്ട്രീയാധികാരവും സൈനിക ശേഷിയും ഉപയോഗിച്ച് സാമ്പത്തിക ചൂഷണം നടത്തി. ഈ രാജ്യങ്ങൾ പിന്നീട് യൂറോപ്യന്മാരുടെ കോളനികളായി മാറി. ഈ പ്രക്രിയ ആണ് കോളനിവത്ക്കരണം.

**സാമ്രാജ്യത്വം കോളനിരാജ്യങ്ങളെ ബാധിച്ചത്**

- കോളനികളുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു
- പരമ്പരാഗത ഭക്ഷ്യവിളകൾക്കുപകരം നാണ്യവിളകൾ കൃഷി ചെയ്യാൻ നിർബന്ധിതരായി.
- ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു.
- പ്രകൃതി വിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.
- തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.
- ഭരണരീതിയും നിയമവ്യവസ്ഥയും മാറ്റിമറിക്കപ്പെട്ടു

കോളനികൾക്കും കമ്പോളങ്ങൾക്കും വേണ്ടിയുള്ള പരസ്പര മത്സരങ്ങളും സംഘർഷങ്ങളും സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള യുദ്ധങ്ങൾക്കു കാരണമായി.

## ഒന്നാം ലോക യുദ്ധം 1914–18
## വഴിതെളിച്ച ഘടകങ്ങൾ അല്ലെങ്കിൽ കാരണങ്ങൾ

### സൈനിക സംഖ്യകളുടെ രൂപീകരണം

**ത്രികക്ഷി സഖ്യം**

1. ജർമനി
2. ആസ്ട്രിയ–ഹംഗറി
3. ഇറ്റലി

**ത്രികക്ഷി സൗഹാർദ്ദം**

1. ഇംഗ്ലണ്ട്
2. ഫ്രാൻസ്
3. റഷ്യ

### തീവ്ര ദേശീയ പ്രസ്ഥാനങ്ങൾ

1. പ്ലാൻസ്ലാവ് പ്രസ്ഥാനം
2. പാൻജർമൻ പ്രസ്ഥാനം
3. പ്രതികാര പ്രസ്ഥാനം

### സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ

1. മൊറോക്കൻ പ്രതിസന്ധി (ഫ്രാൻസും ജർമനിയും)
2. ബാൾക്കൺ പ്രതിസന്ധി (ബാൾക്കൺ രാഷ്ട്രങ്ങൾ) (സെർബിയ, ഗ്രീസ്, മോണിനിഗ്രോം, ബൾഗേറിയ)

### പെട്ടെന്നുണ്ടായ കാരണം

1914 ജൂണിൽ ആസ്ട്രിയൻ കിരീടവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റിനെ സെർബിയൻ യുവാവ് വെടിവെച്ചുകൊന്നു. സെർബിയയാണ് ഇതിന് ഉത്തരവാദിയെന്ന് പ്രഖ്യാപിച്ച ആസ്ട്രിയ സെർബിയയ്ക്കുമേൽ യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഓരോ സംഖ്യരാഷ്ട്രവും തങ്ങളുടെ ചേരിയിലെ രാഷ്ട്രങ്ങളെ സഹായിക്കാനായി മുന്നോട്ടുവന്നു.

### ഒന്നാം ലോക മഹായുദ്ധത്തിന്റെ ഫലങ്ങൾ

- ദശലക്ഷക്കണക്കിന് ജനങ്ങൾ മരണപ്പെട്ടു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർദ്ധിച്ചു.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടു.
- യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.
- കൃഷി വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
- ലോകസമാധാനം സംരക്ഷിക്കുന്നതിനായി സർവ്വരാഷ്ട്രവും എന്ന സംഘടന രൂപം കൊണ്ടു

**സമാധാന ശ്രമങ്ങൾ**

1919 പാരീസിൽ സമാധാന സമ്മേളനം


1919 വേഴ്സായ് സന്ധി

### 1929 ലെ ലോകസാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ

- ബാങ്കുകൾ തകർന്നു.
- പണപ്പെരുപ്പം വർദ്ധിച്ചു.
- തൊഴിലില്ലായ്മയും ദാരിദ്ര്യവും രൂക്ഷമായി.
- ഉൽപന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടികിടന്നു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ച വരുത്തി.
- യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി.


### ഫാസിസത്തിന്റെ സവിശേഷതകൾ

- ജനാധിപത്യത്തോടുള്ള വിരോധം
- ഭൂതകാലത്തെ പ്രകീർത്തിക്കൽ
- സോഷ്യലിസത്തോടുള്ള എതിർപ്പ്
- വംശമഹിമ ഉയർത്തിപ്പിടിക്കൽ
- തീവ്രദേശീയത പ്രചരിപ്പക്കൽ
- രാഷ്ട്രത്തെ മഹത്വവത്ക്കരിക്കൽ
- സൈനിക സ്വേച്ഛാധിപത്യം





■ **ഫാസിസ്റ്റ് പാർട്ടി ഇറ്റലിയിൽ അധികാരത്തിലെത്താനിടയാക്കിയ സാഹചര്യങ്ങൾ**

- ഒന്നാം ലോകയുദ്ധത്തിൽ വിജയികളുടെ ഭാഗത്തായിട്ടും നേട്ടമുണ്ടായില്ല.
- യുദ്ധാനന്തരം രാജ്യത്തുണ്ടായ സാമ്പത്തിക തകർച്ച.
- രാജ്യം സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക് പോകുമോയെന്ന ഭയം.
- 




- ഹിറ്റ്ലറെ ജർമ്മനിയിൽ അധികാരത്തിലെത്താൻ സഹായിച്ച ഘടകങ്ങൾ.
- വേഴ്സായ് സന്ധിയിലൂടെ ജർമ്മനിക്കേറ്റ അപമാനം
- സാമ്പത്തിക തകർച്ച, പണപ്പെരുപ്പം
- ജർമ്മൻ ഭരണകൂടത്തിന്റെ പരാജയവും രാഷ്ട്രീയ അസ്ഥിരതയും

■ **രണ്ടാം ലോകമഹായുദ്ധത്തിലെ സൈനിക സഖ്യങ്ങൾ**




■ **രണ്ടാം ലോകയുദ്ധം അവസാനിക്കുന്നതിനിടയാക്കിയ രണ്ട് ബോംബാക്രമങ്ങൾ**

1945 ഓഗസറ്റ് 6 ലിറ്റിൽബോയ് - ഹിരോഷിമ
1945 ഓഗസ്റ്റ് 9 ഫാറ്റ്മാൻ - നാഗസാക്കി

■ **രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ**

- ആൾനാശം
- സാമ്പത്തിക തകർച്ച
- യൂറോപ്യന്മാരുടെ മേധാവിത്വത്തിന്റെ തകർച്ച
- കോളണി രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരങ്ങൾ
- അമേരിക്കയുടെയും സോവിയറ്റ് യൂണിയന്റെയും മേധാവിത്വം
- ഐക്യരാഷ്ട്രസംഘടനയുടെ രൂപീകരണം

**ഐക്യരാഷ്ട്ര സംഘടന**

- യുഎൻ ദിനം (ഒക്ടോബർ 24)
- ന്യൂയോർക്ക് (ആസ്ഥാനം)

| **അപകോളനീകരണം** |
|---|
| **സാമ്രാജ്യത്വശക്തികളിൽ നിന്നുള്ള കോളനികളുടെ സ്വാതന്ത്ര്യം നേടൽ** |

**സാമ്രാജ്യത്വത്തിനെതിരായി സമരം നയിച്ച ചില രാഷ്ട്രനേതാക്കൾ**

- ഗാന്ധിജി (ഇന്ത്യ)
- നെൽസൺ മണ്ടേല (ദക്ഷിണാഫ്രിക്ക)
- ക്വാമിഎൻക്രൂമ (ഘാന)
- ജോമോ കെനിയാത്ത (കെനിയ)

■ **ശീതസമരം**

**പരസ്പരം ശത്രുത പുലർത്തിയ രണ്ട് ചേരികൾ തമ്മിലുണ്ടായ ആശയപരമായ സംഘർഷങ്ങളും നയതന്ത്രയുദ്ധങ്ങളും**

**ശീതസമരം**

- അമേരിക്ക (മുതലാളിത്തചേരി)
- സോവിയറ്റ് യൂണിയൻ (സോഷ്യലിസ്റ്റ് ചേരി)

■ **ചേരിചേരാപ്രസ്ഥാനം**

**ചേരിചേരാ പ്രസ്ഥാനം**

നേതാക്കൾ
ഇന്ത്യ-ജവഹർലാൽ നെഹ്റു
ഈജിപ്ത്-ഗമാൽ അബ്ദുൾ നാസർ
യൂഗോസ്ലാവിയ-മാർഷൻ ടിറ്റോ
ഇന്തോനേഷ്യ-അഹമ്മദ് സുക്കാർണോ

രൂപം നൽകിയത് 1955 ൽ ഇന്തോനേഷ്യ ബാന്ദൂങ്ങ്

ആദ്യത്തെ സമ്മേളനം 1961 ൽ ബെൽഗ്രേഡ്

ലക്ഷ്യം-അന്താരാഷ്ട്ര പ്രശ്നങ്ങളിൽ സജീവമായി ഇടപെടുക

■ **പശ്ചിമേഷ്യ**

- സിയോണിസ്റ്റ് പ്രസ്ഥാനം-ജൂതർക്ക് ഒരു രാജ്യം സ്ഥാപിക്കുക.
- 1948 ൽ ഇസ്രായേൽ രൂപീകരിക്കപ്പെട്ടു.
- ഇസ്രായേലും അറബ് രാഷ്ട്രങ്ങളും തമ്മിലുണ്ടായ യുദ്ധങ്ങൾ.
- ഇസ്രായേൽ പാലസ്തീനെ കൈവശപ്പെടുത്തി.
- പാലസ്തീൻ വിമോചന സംഘടന - അഭയാർത്ഥിക (PLO) ളാകേണ്ടി വന്ന പാലസ്തീൻകാർക്ക് സ്വന്തമായൊരു രാജ്യം സ്ഥാപിക്കുക. (ലക്ഷ്യം)
- പി.എൽ.ഒ.യുടെ സ്ഥാപക പ്രസിഡന്റ്- യാസർ അറഫാത്ത്
- ഓസ്ലോ കരാർ - 1993 ൽ പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമാക്കാൻ ഇസ്രായേൽ അംഗീകാരം നൽകി.

**സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ**

- സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം
- മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്ക്കാരങ്ങൾ
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
- സോഷ്യലിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ നിന്നുള്ള വ്യതിചലനം

■ **നവസാമ്രാജ്യത്വം**

- ബഹുരാഷ്ട്ര കമ്പനികൾ വിവിധ രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിൽ ഇടപെടൽ തുടങ്ങിയതാണ് നവസാമ്രാജ്യത്വം.
- വികസ്വരരാജ്യങ്ങൾ ബഹുരാഷ്ട്ര കമ്പനികളുടെ കമ്പോളങ്ങൾ
- തദ്ദേശീയ സാമ്പത്തിക മേഖലയുടെ തകർച്ച.

## പുത്തൻ സാമ്പത്തിക പരിഷ്ക്കാരങ്ങൾ

- ഉദാരവത്ക്കരണം
  - ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി
- സ്വകാര്യവത്ക്കരണം
  - പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിച്ചു
- ആഗോളവത്ക്കരണം
  - മത്സരങ്ങളിലൂന്നിയ കമ്പോളം
  - ബഹുരാഷ്ട്ര കമ്പനികളെ സംരക്ഷിച്ചു
  - അതിരുകളില്ലാത്ത ഉത്പന്നങ്ങൾ, സേവനങ്ങൾ, മൂലധനം എന്നിവയുടെ ഒഴുക്ക്


## സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ

- സാമൂഹിക സേവനമേഖലയിൽ നിന്ന് സർക്കാരിന്റെ പിന്മാറ്റം
- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ച
- കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ്
- പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ച
- ദേശരാഷ്ട്രമെന്ന ആശയത്തിന് വെല്ലുവിളി

## വിദ്യാഭ്യാസം മൗലികാവകാശം - 2009

### സാംസ്കാരിക നേട്ടങ്ങൾ

| സ്ഥാപനങ്ങൾ | പ്രവർത്തനങ്ങൾ | ആസ്ഥാനം |
|---|---|---|
| • സംഗീത-നാടക അക്കാദമി | • സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനം | • ന്യൂഡൽഹി |
| • ലളിതകലാ അക്കാദമി | • ഇന്ത്യൻ കലകളുടെ പ്രചാരണം | • ന്യൂഡൽഹി |
| • സാഹിത്യ അക്കാദമി | • ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം | • ന്യൂഡൽഹി |
| • നാഷ്ണൽ സ്കൂൾ ഓഫ് ഡ്രാമ | • നാടകമേള | • ന്യൂഡൽഹി |
| • നാഷ്ണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | • കുറഞ്ഞ ചിലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വായന വളർത്തുക | • ന്യൂഡൽഹി |





**പഞ്ചശീലതത്വങ്ങൾ-1954 ൽ ഇന്ത്യ-ചൈന**


- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും
- സമാധാനപരമായ സഹവർത്തിത്വം


**സോഷ്യൽ സയൻസ് - I**


**അധ്യായം -3**

# പൊതുഭരണം





ഭരണകാര്യ
ങ്ങൾ നിർവ്വ
ഹിക്കുന്നു.
ഉദ്യോഗസ്ഥ വൃന്ദം
?
പൊതുഭരണ
ത്തിൻ കീഴിൽ
പ്രവർത്തിക്കു
ന്നു.
ഉദ്യോഗസ്ഥർ



ഉദ്യോഗസ്ഥ വൃന്ദം = പൊതുഭരണ
സംവിധാനം ചലനാത്മകമാക്കുന്നു.
സവിശേഷതകൾ
ശ്രേണീപര
മായ സംഘടന
വൈദഗ്ധ്യം
സ്ഥിരത
രാഷ്ട്രീയ
നിഷ്പക്ഷത
യോഗ്യത അടി
സ്ഥാനമാക്കി

## ഇന്ത്യയിലെ ഉദ്യോഗസ്ഥ വൃന്ദം





| യു.പി.എസ്.സി | പി.എസ്.സി |
|---|---|
| • യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ<br>• കേന്ദ്രസർവ്വീസ്, അഖിലേന്ത്യ സർവ്വീസ്<br>• ചെയർമാനെയും അംഗങ്ങളെയും രാഷ്ട്രപതി നിയമിക്കുന്നു. | • പബ്ലിക് സർവ്വീസ് കമ്മീഷൻ<br>• സംസ്ഥാനതലത്തിൽ<br>• ചെയർമാനെയും അംഗങ്ങളേയും ഗവർണർ നിയമിക്കുന്നു. |


ഭരണ നവീകരണം - ലക്ഷ്യം
കാര്യക്ഷത വർദ്ധിപ്പിക്കൽ
സേവനങ്ങൾ സമയബന്ധിതമാക്കൽ
ജനസൗഹൃദപരമാക്കൽ



ഇ. ഗവേണൻസ്
ഓംബുഡ്സ്മാൻ
അറിയാനുള്ള
അവകാശം
ഭരണ നവീകരണ
പരിഷ്കാരങ്ങൾ
സെൻട്രൽ വിജി
ലൻസ് കമ്മീഷൻ
സേവനവകാശം
ലോക്പാൽ
ലോകായുക്ത

**ഇ-ഗവേണൻസ്** → **ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗം**





സർക്കാർ സ്ഥാപന
ത്തിൽ നിന്ന്
വിവരാവകാശ
നിയമം
പ്രവർത്തനവുമായി
ബന്ധപ്പെട്ട വിവര
ങ്ങൾ
ഏതൊരു ഇന്ത്യൻ
പൗരനും അറിയാ
നുള്ള അവകാശം

2005 - ൽ
രാജസ്ഥാൻ മസ്ദൂർ
കിസാൻ ശക്തി
സംഘാതൻ
അഴിമതി
തടയുക
വിവരാവകാശ നിയമം
ഉത്തരവാദിത്ത
ബോധം
വിവരാവകാശ
കമ്മീഷൻ
സുതാര്യത

**സോഷ്യൽ സയൻസ്**

**അധ്യായം - 4**

# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

**ബ്രിട്ടീഷ് ഭൂനികുതി സമ്പ്രദായങ്ങൾ**

### ശാശ്വത ഭൂനികുതി വ്യവസ്ഥ

സവിശേഷതകൾ

1. സെമീന്ദർമാർ നികുതി പിരിച്ചു
2. വിളവിന്റെ 60% നികുതി
3. വിളവ് മോശമായാലും നികുതി
4. നികുതി പണമായി നൽകണം
5. ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങൾ

### റയട്ട്വാരി വ്യവസ്ഥ

സവിശേഷതകൾ

1. കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചു
2. അമിത നിരക്ക്
3. നികുതി ഇടയ്ക്കിടെ വർദ്ധിപ്പിച്ചു
4. ഉടമസ്ഥൻ കർഷകൻ
5. ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ

### മഹൽവാരി വ്യവസ്ഥ

സവിശേഷതകൾ

1. ഗ്രാമത്തലവൻ നികുതി പിരിച്ചു
2. അമിത നിരക്ക്
3. ഗ്രാമത്തെ ഒരു യൂണിറ്റായി നികുതി പിരിച്ചു
4. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി

**കൃഷിയുടെ വാണിജ്യവത്ക്കരണം**

ബ്രിട്ടീഷ് ഭരണകാലത്ത് കർഷകർ വിപണി ലക്ഷ്യമാക്കി ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾ വൻതോതിൽ കൃഷിചെയ്യാൻ തുടങ്ങി. ഈ മാറ്റമാണ് കൃഷിയുടെ വാണിജ്യവത്ക്കരണം.

**നീലം കൃഷി**

തുണികൾക്ക് നിറം നൽകാൻ ഉപയോഗിക്കുന്ന നീലത്തിന് ഉയർന്നവില ലഭിച്ചിരുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ വ്യവസായ വിപ്ലവം തുണി നിർമ്മാണരംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടാക്കി. നീലത്തിന്റെ ആവശ്യം വർദ്ധിച്ചു. ഇന്ത്യയിൽ നിന്ന് വ്യാപകമായി ഇംഗ്ലണ്ടിലേക്ക് നീലം ഇറക്കുമതി ചെയ്തു.

**നീലം കൃഷി വ്യാപനമാക്കാൻ ബ്രിട്ടീഷ് വ്യവസായികൾ സ്വീകരിച്ച നടപടികൾ**

- കർഷകർക്ക് വൻതുക മുൻകൂറായി നൽകി.
- കൃഷിയിടത്തിന്റെ നിശ്ചിത ഭാഗത്ത് നീലം കൃഷി നടത്തണം.
- ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശം നീലം കൃഷിക്ക് മാറ്റിവയ്ക്കണം.

**നീലം കർഷകരുടെ കലാപം**

വിളവെടുപ്പ് കാലത്ത് ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞവില മാത്രമേ കർഷകർക്ക് ലഭിച്ചിരുന്നുള്ളൂ. പിൻകാലത്ത് കൃത്രിമച്ചായങ്ങളുടെ കണ്ടെത്തലോടെ തുണികൾക്ക് നിറം നൽകാൻ നീലം ആവശ്യമില്ലാതായി. നീലം കർഷകന്റെ അവസ്ഥ കൂടുതൽ ദുരിതത്തിലായി. അവസാനിക്കാത്ത ദുരിതങ്ങളും ചൂഷണവും കർഷകരെ കലാപത്തിന് പ്രേരിപ്പിച്ചു. 1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലംകൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു. സ്ത്രീകൾ ഉൾപ്പെടെയുള്ള കർഷകർ അമ്പും വാളും കുന്തവുമായി നീലം ഫാക്ടറികൾ ആക്രമിച്ചു. ബ്രിട്ടീഷുകാരെയും അവരെ പിന്തുണച്ചവരെയും കലാപകാരികൾ ബഹിഷ്കരിച്ചു. വിദ്യാസമ്പന്നർ കർഷകർക്ക് പിന്തുണ നൽകി. നീലം കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മീഷൻ ലാഭകരമല്ലാത്തതിനാൽ നീലം കൃഷി അവസാനിപ്പിക്കാൻ നിർദ്ദേശിച്ചു.

## ■ മാപ്പിള കലാപങ്ങൾ

ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ മലബാറിലെ കർഷകർ പ്രത്യേകിച്ച് മുസ്ലീങ്ങൾ (മാപ്പിളമാർ) നടത്തിയ കലാപം.

**കുറിച്യകലാപം-1812**
**(രാമൻനമ്പി-നേതാവ്)**

- ബ്രിട്ടീഷുകാരുടെ അമിത നികുതി
- നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചു
- നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

**ഇന്ത്യയിലെ ഗോത്രകലാപങ്ങൾ**

- ഖാസികലാപം
- പഹാരിയ കലാപം
- സന്താൾ കലാപം
- മുണ്ട കലാപം
- കുറിച്യകലാപം
- കോൾ കലാപം
- ഭീൽകലാപം

**ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ച**

- യന്ത്രനിർമ്മിത വിദേശ നിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇന്ത്യയിലേക്കുള്ള ഇറക്കുമതി
- റെയിൽവെയുടെ വ്യാപനം
- അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി
- കയറ്റുമതിക്ക് ഏർപ്പെടുത്തിയ ഉയർന്ന നികുതി
- തൊഴിലാളികൾ മറ്റു ജോലികൾ തേടിപ്പോയത്

■ **ഇന്ത്യൻ ഗ്രാമീണ കരകൗശല വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ**

| ഗ്രാമീണ വ്യവസായങ്ങൾ | തകർച്ചയുടെ കാരണം |
|---|---|
| • മൺപ്പാത്ര വ്യവസായങ്ങൾ<br>• തുകൽപ്പണി<br>• മരപ്പണി | • അലൂമിനിയം പാത്രങ്ങളുടെ ഇറക്കുമതി<br>• അസംസ്കൃതവസ്തുവായ തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി<br>• ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം |

■ **പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ബ്രിട്ടീഷ് വ്യവസായങ്ങളിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ നേരിട്ട പ്രധാന പ്രശ്നങ്ങൾ**

- മണിക്കൂറുകളോളം നീണ്ട ജോലിസമയം
- കുറഞ്ഞ കൂലി
- അനാരോഗ്യകരമായ താമസ സൗകര്യങ്ങൾ

## 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം

### നേതാക്കന്മാർ

- ബഹദൂർഷാ രണ്ടാമൻ (ഡൽഹി)
- റാണി ലക്ഷ്മിഭായി (ത്സാൻസി)
- ബീഗം ഹസ്രത്ത് മഹൽ (ലഖ്നൗ)
- നാനാസാഹിബ് താന്തിയാതോപ്പി (കാൺപൂർ)
- മൗലവി അഹമ്മദുള്ള (ഫൈസാബാദ്)

### കാരണങ്ങൾ

- സൈനികരുടെ തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥരുടെ അവഹേളനവും
- എൻഫീൽഡ് തോക്കിലെ തിര പന്നിയുടെയും പശുവിന്റെയും കൊഴുപ്പ് പുരട്ടിയതാണെന്ന പ്രചാരണം
- സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തിയത്
- തിരയുപയോഗിക്കാൻ വിസമ്മതിച്ച മംഗൾപാണ്ഡയെന്ന സൈനികനെ തൂക്കിക്കൊന്നത്.

### പങ്കെടുത്തവർ

- കർഷകർ
- കരകൗശലത്തൊഴിലാളികൾ
- രാജാക്കന്മാർ (ദത്തവകാശനിരോധനനിയമം മൂലം കലാപത്തിന് നിർബന്ധിതരായി)
- ശിപായിമാർ

### നേട്ടങ്ങൾ

- ഹിന്ദു മുസ്ലീം ഐക്യം
- ബഹദൂർഷാ രണ്ടാമത്തെ ചക്രവർത്തിയായി പ്രഖ്യാപിച്ചു
- ജനങ്ങളുടെ സഹകരണം

### പരാജയ കാരണങ്ങൾ

- ശക്തനായൊരു നേതാവ് ഉണ്ടായിരുന്നില്ല
- ബ്രിട്ടീഷുകാരുടെ ശക്തമായ സൈനികബലം

## ദേശീയത

- ഐ.എൻ.സി. രൂപീകരണം- 1885 ഡിസംബറിൽ ബോംബെ - 72 പ്രതിനിധികൾ
- ജാതിമതവർഗ പ്രാദേശിക വ്യത്യാസങ്ങൾക്ക് അതീതമായി ഒരു രാജ്യത്തെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഐക്യബോധമാണ് ദേശീയത
- ദേശീയതയുടെ സംഘടിത രൂപം - ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ് (ഐ.എൻ.സി)
- തങ്ങൾ അനുഭവിക്കുന്ന ദാരിദ്രവും ചൂഷണവും ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണെന്നുള്ള തിരിച്ചറിവ് ജനങ്ങളിലുണ്ടാക്കിയ ബ്രിട്ടീഷ് വിരുദ്ധ മനോഭാവമാണ് സാമ്പത്തിക ദേശീയത

## ദാദാഭായ് നവറോജി

- സമ്പദ്‌വ്യവസ്ഥയിലുണ്ടായ തകർച്ചയെക്കുറിച്ച് പഠനം നടത്തി
- പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ
- ചോർച്ചാ സിദ്ധാന്തം

## സ്വദേശിപ്രസ്ഥാനം സവിശേഷതകൾ

- വിദ്യാർത്ഥികൾ, സ്ത്രീകൾ തൊഴിലാളികൾ എന്നിവരുടെ പങ്കാളിത്തം
- ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്ക്കരണവും തദ്ദേശീയ വസ്തുക്കളുടെ ഉപയോഗവും
- ഇന്ത്യൻ വ്യവസായങ്ങൾക്ക് പുതുജീവൻ
- തുണിമില്ലുകൾ, ദേശീയ ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവയുടെ ആരംഭം
- ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ കുറവ്

ലാൽ-ബാൽ-പാൽ

- ബാലഗംഗാധരതിലക്
  (ഇന്ത്യൻ അസ്വസ്ഥതയുടെ പിതാവ്)
- ബിപിൻ ചന്ദ്രപാൽ
- ലാലാലജ്പത് റായ്

**"സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാൻ അത് നേടുക തന്നെ ചെയ്യും" - ബാലഗംഗാധരതിലക്**

സോഷ്യൽ സയൻസ്

**അദ്ധ്യായം - 5**

**സംസ്കാരവും, ദേശീയതയും**

**ദേശീയത**

ജാതി-മത-വർഗ്ഗ-പ്രാദേശിക വ്യത്യാസങ്ങൾക്കുപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത.

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരിക രംഗത്തും, ആശയ തലങ്ങളിലും രണ്ട് തരത്തിലുള്ള പ്രതിഷേധങ്ങൾ ഉയർന്നു വന്നു.

1. ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും, തിന്മകൾക്കും, അവകാശ നിഷേധങ്ങൾക്കും എതിരായവ.
2. ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടിരുന്ന സാമ്രാജ്യത്വ ചൂഷണത്തിന് എതിരായവ.

**കോളനി ഭരണവും, ദേശീയതയും**

- വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ-സ്ഥാപനങ്ങൾ
- ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കി.
- സംസ്കൃതത്തിലും പേർഷ്യനിലും രചിക്കപ്പെട്ട കൃതികൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തി.
- ഇംഗ്ലീഷ് സംസ്കാരവും, ആശയങ്ങളും, ഇന്ത്യൻ സമൂഹത്തിലേക്ക് കടന്നുകയറി.
- ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാർ സാമൂഹികാചര്യങ്ങളെയും, അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കുവാനും, പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കുവാനും ശ്രമിച്ചു.

**ഇന്ത്യൻ സമൂഹത്തിന്റെ അടിസ്ഥാനപരമായ മാറ്റത്തിന് സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ട് വച്ച ആശയങ്ങൾ.**

→ ജാതിവ്യവസ്ഥ നിർമാർജനം ചെയ്യുക.


→ എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.

→ സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.

→ വിധവ പുനർ വിവാഹം നടപ്പിലാക്കുക.

→ ശൈശവ വിവാഹം, പൗരോഹിത്യ മേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| ആര്യസമാജം | സ്വാമി ദയാനന്ദ സരസ്വതി | വിഗ്രഹാരാധന<br>ശൈശവ വിവാഹം<br>എന്നിവ എതിർത്തു. |
| രാമകൃഷ്ണമിഷൻ | സ്വാമി വിവേകാനന്ദൻ | ജാതി വ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു. |
| അലിഗഡ് പ്രസ്ഥാനം | സർ സയ്യിദ് അഹമ്മദ് ഖാൻ | ഇന്ത്യയിലെ മുസ്ലീംങ്ങളുടെ സാമൂഹികവും, വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി വാദിച്ചു. |
| പ്രാർത്ഥനാ സമാജം | ആത്മാറാം പണ്ഡുരംഗ് | മിശ്രഭോജനം, മിശ്രവിവാഹം, വിധവ പുനർവിവാഹം എന്നിവക്കായി നില കൊണ്ടു. |
| തിയോസഫിക്കൽ സൊസൈറ്റി | ആനി ബസന്റ് | ഹിന്ദു മതത്തിന്റെ പുനരുദ്ധാരണത്തിനായി നിലകൊണ്ടു. |
| ഹിതകാരിണി | വിരേശലിംഗം | ദുരാചാരങ്ങളെയും, പുരോഹിത സമാജം മേധാവിത്തത്തെയും എതിർത്തു. |
| സ്വാഭിമാന പ്രസ്ഥാനം | ഇ.വി. രാമസ്വാമി നായ്ക്കർ | ബ്രാഹ്മണ മേധാവിത്വത്തെയും ജാതി വ്യവസ്ഥയെയും എതിർത്തു. |
| ശ്രീനാരായണ ധർമ്മ പരിപാലന യോഗം. | ശ്രീനാരായണഗുരു | ജാതി വ്യവസ്ഥയെയും, ദുരാചാരങ്ങളെയും എതിർത്തു. പിന്നോക്കജന വിഭാഗങ്ങളുടെ സാമൂഹികവും, വിദ്യാഭ്യാസപരവുമായ പുരോഗതി ലക്ഷ്യം വച്ചു. |




**ദേശീയ സമര കാലത്ത് പത്രങ്ങൾ വഹിച്ച പങ്ക്**

**വർത്തമാന പത്രങ്ങൾ**

| | |
|---|---|
| ഇന്ത്യയുടെ ഒരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തലിനെയും, മർദ്ദകഭരണത്തെയും, കൂട്ടക്കൊലയെയും കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി. | ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കുമെതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. |
| ബ്രിട്ടീഷ് ഭരണത്തിനെതിരായും, ഇന്ത്യയിലെ സാമൂഹികമായ തിൻമകൾക്ക് എതിരായും പ്രതിഷേധിക്കാനും, പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു. | ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്യത്തിനും, ജനാധിപത്യത്തിനും, സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി. |
| ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. | പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു. |

- ഇന്ത്യയിൽ സാമൂഹിക പരിഷ്കരണം നടപ്പാക്കുന്നതിലും, ദേശീയ ഐക്യം നില നിർത്തുന്നതിലും വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക്

- ദേശീയ കാഴ്ചപ്പാടുകളോടു കൂടിയ പത്രങ്ങൾക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത് രാജാറാം മോഹൻ റോയ്.

അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ചിരുന്ന പത്രങ്ങൾ
- സംവാദ് കൗമുദി (ബംഗാളി)
- മിറാദ്-ഉൽ-അക്ബർ (പേർഷ്യൻ)

- ദേശീയത, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾക്ക് ഈ പത്രങ്ങൾ ഊന്നൽ നൽകി.

- ദേശീയ സമര കാലത്ത് പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ വായിക്കുന്നതും, വാർത്തകൾ പ്രചരിപ്പിക്കുന്നതും പത്രങ്ങളെ സംരക്ഷിക്കുന്നതും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായാണ് ജനങ്ങൾ കണക്കാക്കിയിരുന്നത്.

| **ആശയങ്ങൾ** | **സ്ഥാപനങ്ങൾ** | **രൂപം നൽകിയവർ** |
|---|---|---|
| മതേതരത്വം | ജാമിഅ മില്ലിയ ഇസ്ലാമിയ (അലിഗഡ്) | മൗലാനാ മുഹമ്മദലി, ഷൗക്കത്തലി ഡോ. സക്കീർ ഹുസൈൻ, എം.എ. അൻസാരി |
| ദേശീയത | ഡക്കാൺ എജ്യുക്കേഷൻ സൊസൈറ്റി (പൂനെ) 1884-ൽ | ജി.ജി. അഗാർക്കർ, ബാലഗംഗാധരതിലക്, മഹാദേവ ഗോവിന്ദറാനഡെ |
| സ്ത്രീകളുടെ ഉന്നമനം | വനിത സർവ്വകലാശാല 1916-ൽ മഹാരാഷ്ട്രയിൽ | ഡി.കെ കാർവെ |
| അന്തർദേശീയ സാഹോദര്യം. | വിശ്വഭാരതി സർവ്വകലാശാല | രവീന്ദ്രനാഥ ടാഗോർ |
| പാരമ്പര്യകലക ളുടെ പുനരുദ്ധാരണം. | കേരള കലാമണ്ഡലം | വള്ളത്തോൾ നാരായണമേനോൻ |

സാഹിത്യവും ദേശീയതയും

- ഭാരതമാതാ സങ്കൽപം — ശിശിർകുമാർഘോഷ്, സത്യേന്ദ്രനാഥ ടാഗോർ
- ബങ്കിംചന്ദ്രചാറ്റർജി — ആനന്ദമഠം നോവൽ ബംഗാളിലെ കർഷകരുടെ അവസ്ഥ ചിത്രീകരിച്ചു.
- ദീനബന്ധുമിത്ര — നീൽദർപ്പൺ, നീലം കർഷകർ അനുഭവിക്കുന്ന ചൂഷണം ചിത്രീകരിച്ചു. സുരേന്ദ്രനാഥ ബാനർജിയുടെ ഇന്ത്യൻ അസോസിയേഷൻ ഏറ്റെടുത്തു.
- മുഹമ്മദ് ഇക്ബാൽ — സാരേ ജഹാംസെ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാരാ (കവിത) ഇന്ത്യയുടെ പ്രകൃതി ഭംഗിയെയും, ഐക്യത്തെയും പാടി പുകഴ്ത്തി.

| **കൃതികൾ** | **എഴുത്തുകാർ** | **ഭാഷ** |
|---|---|---|
| ഗോര, ഗീതാഞ്ജലി | രവീന്ദ്രനാഥടാഗോർ | ബംഗാളി |
| സേവാസദൻ, പ്രേമാശ്രമം, രംഗഭൂമി, ഗോദാൻ | പ്രേംചന്ദ് | ഹിന്ദി |
| പാഞ്ചാലി ശപഥം, കളിപ്പാട്ട്, കണ്ണൻപാട്ട് കുയിൽപാട്ട് | സുബ്രഹ്മണ്യഭാരതി | തമിഴ് |
| ഹയാത്ത്-ഇ-സാദി, ഹയാത്ത്-ഇ-ജവീദ് | അൽത്താഫ് ഹുസൈൻ ഹാലി | ഉർദു |
| നിബന്ധമാല | വിഷ്ണുകൃഷ്ണ ചിപ്ളുങ്കർ | മറാത്തി |
| എന്റെ ഗുരുനാഥൻ, ബാപ്പുജി, ഇന്ത്യയുടെ കരച്ചിൽ | വള്ളത്തോൾ നാരായണമേനോൻ | മലയാളം |

## ദേശീയത കലയിൽ

| | |
|---|---|
| അബനീന്ദ്രനാഥ ടാഗോർ | • ഭാരതമാതാവിന്റെ ജലഛായാ ചിത്രം,<br>• ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് പൗരസ്ത്യ ചിത്രകലയുടെ പ്രോത്സാഹനത്തിന്. |
| രാജാരവിവർമ്മ | ഇന്ത്യൻ പുരാണങ്ങളിലെയും, സാഹിത്യ കൃതികളിലെയും സന്ദർഭങ്ങൾ ചിത്രീകരിച്ചു. |
| നന്ദലാൽബോസ് | സതി, ഗ്രാമീണ ചെണ്ടക്കാരൻ, 1938-ൽ ഹരിപുര-ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പോസ്റ്ററിനുള്ള ചിത്രമായി തിരഞ്ഞെടുത്തു. |
| അമൃത ഷേർഗിൽ | ഇന്ത്യയുടെ ഗ്രാമങ്ങളിലെ ജീവിത ദുരിതങ്ങൾ. |

### ഇന്ത്യൻ ജനതയിൽ ദേശീയ ഐക്യം വളർത്താൻ സഹായിച്ചവ

- ദേശീയ മുദ്രകൾ
- ദേശീയഗാനം
- ദേശീയപതാക
- ദേശീയ ചിഹ്നങ്ങൾ

## സോഷ്യൽ സയൻസ് -I

### അദ്ധ്യായം -6

### സമരവും സ്വാതന്ത്ര്യവും

ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്ക് സാധിച്ചതിനുള്ള കാരണങ്ങൾ?

- ഇന്ത്യയിൽ നിന്ന് ദക്ഷിണാഫ്രിക്കയിൽ എത്തി ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടു.
- ദക്ഷിണാഫ്രിക്കയിൽ നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
- സാധാരണ ജനങ്ങളെപ്പോലെയുള്ള ജീവിതരീതി ഗാന്ധിജിയെ ജനകീയനാക്കി
- രക്ഷകനായി ഗാന്ധിജിയെ ജനങ്ങൾ കണ്ടു.

| ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ സമരം | | |
|---|---|---|
| •ചമ്പാരനിലെ നിലം കർഷക സമരം | ബീഹാർ | 1917 |
| •അഹമ്മദാബാദിലെ തുണിമിൽ സമരം | ഗുജറാത്ത് | 1918 |
| •ഖേഡയിലെ കർഷക സമരം | ഗുജറാത്ത് | 1918 |

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ

- ഗ്രാമപ്രദേശങ്ങളിലും ദേശീയ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടായി
- എല്ലാ ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി.
- സമരരീതിയും ആശയങ്ങളും ജനങ്ങൾ പരിചയപ്പെട്ടു
- സാധാരണക്കാരായ ജനങ്ങൾ ദേശീയ പ്രസ്ഥാനങ്ങളിലേയ്ക്ക് കടന്നുവന്നു.

**ഗാന്ധിജി ദേശീയ സമരത്തിലേയ്ക്ക്**

**റൗലറ്റ് നിയമം** - ഭീകരവാദ പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തികൊണ്ട് 1919 ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ കരിനിയമം.

## ജാലിയൻ വാലാബാഗ് കൂട്ടക്കൊല

•1919 ഏപ്രിൽ 13-ന് അമൃതസർ പട്ടണത്തിൽ
•റൗലറ്റ് വിരുദ്ധ സമരത്തിന്റെ ഏറ്റവും ക്രൂരമായ മുഖം
•ജനങ്ങൾ ഒത്തുകൂടി നിരായുധരായി പ്രതിഷേധിച്ചു.
•മൂന്നുവശവും കെട്ടിടങ്ങളാൽ ചുറ്റപ്പെട്ട മൈതാനം.
•പട്ടാള മേധാവി ജനറൽ ഡയർ പട്ടാളക്കാരെ നിരത്തി ജനങ്ങൾക്കു നേരെ വെടിവെച്ചു.
•പത്തു മിനിട്ട് നീണ്ട് നിന്ന വെടിവെയ്പ്പിൽ ഒട്ടേറെ പാവപ്പെട്ട ജനങ്ങൾ മരിച്ചു വീണു.

**നിസ്സഹകരണ സമരം**

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം

## നിസ്സഹകരണ സമരം

1 വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക
2 വക്കീലൻമാർ കോടതികൾ ബഹിഷ്കരിക്കുക
3 വിദേശവസ്തുക്കൾ ബഹിഷ്ക്കരിക്കുക
4 ബ്രിട്ടീഷ് പുരസ്ക്കാരങ്ങൾ തിരികെ നൽകുക
5 തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.

- നിസ്സഹകരണത്തിന്റെ ഭാഗമായി ബഹിഷ്കരണം മാത്രമായിരുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു.
- തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു (ഖാദി വസ്ത്രങ്ങൾ..............)
- ഹിന്ദി പ്രചരിപ്പിച്ചു.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു.(കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ)
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ

**ഇന്ത്യൻ ഖിലാഫത്ത് നേതാക്കൾ**

- മൗലാനാ മുഹമ്മദലി
- മൗലാനാ ഷൗക്കത്തലി

ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലൂടെനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ ഫലങ്ങൾ

- ബ്രിട്ടിഷ് വിരുദ്ധ വികാരം ഇന്ത്യുടെ മുക്കിലും മൂലയിലും എത്തി
- ഹിന്ദു - മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

**ചൗരിചൗരാ സംഭവം** — **1922** — നിസ്സഹകരണ സമരം പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം

**ലാഹോർ സമ്മേളനം** — **1929** — ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണ സ്വരാജ് എന്ന് പ്രഖ്യാപിച്ച കോൺഗ്രസ് സമ്മേളനം

സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടു വച്ച ആവശ്യങ്ങൾ

- ഉപ്പുനികുതി എടുത്തു കളയുക.
- രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക
- ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക
- കൃഷിക്കാർക്ക് 50% നികുതിയിളവ് നൽകുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

**ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ**

- ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പിനുമേൽ ചുമത്തുന്ന നികുതിയായിരുന്നു.
- ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.
- ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർദ്ധിച്ചു.
- ചെറുകിട ഉപ്പുൽപ്പാദകർക്ക് നിരോധനം ഏർപ്പെടുത്തിയത്.

**ക്വിറ്റ് ഇന്ത്യാ സമരം**

**1942**

**ഇന്ത്യ വിടുക**

ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജനസമരം

ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ

- ഭരണഘടനാപരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി
- രണ്ടാം ലോകമഹായുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

| സംഘടനകൾ | രൂപം നൽകിയവർ |
|---|---|
| അഭിനവ് ഭാരത് സൊസൈറ്റി | വി.ഡി.സവർക്കർ |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്<br>പുലിൻ ബിഹാരി ദാസ് |
| ഗദ്ദാർ പാർട്ടി | ലാലാ ഹർദ്ദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |
| സ്വരാജ് പാർട്ടി (1923) | സി.ആർ.ദാസ്,<br>മോത്തിലാൽനെഹ്റു |
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ(1928) | ഭഗത് സിംഗ്, രാജ്ഗുരു സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ് |
| റിപ്പബ്ലിക്കൻ ആർമി (സായുധ വിപ്ലവത്തിനായുള്ള സേനാവിഭാഗം) | ഭഗത് സിംഗ്, രാജ്ഗുരു, സുഖ്ദേവ്, ചന്ദ്രശേഖർ ആസാദ് |
| കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (1934 ബോംബെ) | ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്, ജയ പ്രകാശ് നാരായൺ, അരുണാ അസഫലി |
| ഇന്ത്യൻ നാഷണൽ ആർമി | റാഷ്ബിഹാരി ബോസ് |

**സുഭാഷ് ചന്ദ്രബോസ്**

- ഫോർവേഡ് ബ്ലോക്ക്
- I.N.A യുടെ നേതൃത്വം ഏറ്റെടുത്തു.
- ത്ധാൻസി റാണി റെജിമെന്റ് രൂപീകരിച്ചു
- ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽ നിന്ന് തൂത്തെറിയാനുള്ള സമരം
- താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു
- ജപ്പാന്റെ സഹായത്തോടെ I.N.A ഇംഫാലിൽ ദേശീയ പതാക ഉയർത്തി

**അഖിലേന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ്**

- 1920
- എൻ.എം.ജോഷി, ലാലാ ലജ്പത് റായി
- •തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുക
  •സ്വാതന്ത്ര്യത്തിനുള്ള പോരാട്ടത്തിൽ പങ്കു വഹിക്കുക
  •രാജ്യത്തിന് പുറത്തുള്ള തൊഴിലാളിവർഗമായി ചേർന്ന് പ്രവർത്തിക്കുക

## അഖിലേന്ത്യാ കിസാൻ കോൺഗ്രസ് – എൻ.ജി.രംഗ

**കിസാൻ മാനിഫെസ്റ്റോ – ആവശ്യങ്ങൾ**

- ഫ്യൂഡൽ നികുതി റദ്ദാക്കുക.
- ഭൂനികുതിയും പാട്ടവും 50% കുറക്കുക.
- കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം.
- കർഷക യൂണിയനെ അംഗീകരിക്കുക.

| സമരങ്ങൾ | സ്ഥലങ്ങൾ |
|---|---|
| തേഭാഗസമരം | ബംഗാൾ |
| തെലങ്കാന സമരം | ആന്ധ്രപ്രദേശ് |
| നാവികകലാപം | ബോംബെ |

**മൗണ്ട് ബാറ്റൺ പദ്ധതി**

- മുസ്ലിംങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ അവർ ആഗ്രഹിക്കുകയാണെങ്കിൽ പ്രത്യേക രാജ്യം
- പഞ്ചാബും, ബംഗാളും രണ്ടായി വിഭജിക്കണം.
- ഹിത പരിശോധന – വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ
- **അതിർത്തി നിർണയ കമ്മീഷൻ – ബംഗാളി**ന്റെയും പഞ്ചാബിന്റെയും അതിർത്തി നിർണയിക്കാൻ

■ മൗണ്ട് ബാറ്റൺ പദ്ധതി അംഗീകരിച്ചതിന്റെ ഫലമായി 1947-ൽ ബ്രീട്ടിഷ് പാർലമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യ നിയമം പാസാക്കി. ഇന്ത്യ പാക്കിസ്ഥാൻ രണ്ടു സ്വതന്ത്ര രാജ്യങ്ങൾ നിലവിൽ വന്നു.

**ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ പ്രേരിപ്പിച്ച ഘടകങ്ങൾ**

- സാമ്രാജ്യത്വത്തിന്റെ തകർച്ച
- ഏഷ്യയിലെയും ആഫ്രിക്കയിലെയും സ്വാതന്ത്ര്യ സമരങ്ങൾ ശക്തിപ്പെട്ടത്.
- അമേരിക്കയും സോവിയറ്റ് യൂണിയനും കോളനി വാഴ്ചക്കെതിരായ നിലപാടെടുത്തത്.
- ലേബർ പാർട്ടിയുടെ നേതാവായ ക്ലമന്റ് ആറ്റ്ലി ബ്രീട്ടനിൽ അധികാരത്തിൽ വന്നത്.

**സോഷ്യൽ സയൻസ്**

**അദ്ധ്യായം - 7**

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളികൾ

### അഭയാർത്ഥി പ്രവാഹം

ഇന്ത്യയിൽ നിന്നും പാകിസ്ഥാനിലേക്കും പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കും അഭയാർത്ഥിപ്രവാഹം-വർഗീയ ലഹളകൾ-ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു-സ്ത്രീകൾ അക്രമിക്കപ്പെട്ട വിഭാഗക്കാർ പാലായനം ചെയ്തു. സ്വതന്ത്ര്യാനന്തരം ഗവൺമെന്റ് ഫലപ്രദമായ ഇടപെടലും പുനരധിവാസ നടപടികളും വഴി അഭയാർത്ഥി പ്രശ്നം പരിഹരിച്ചു

### നാട്ടുരാജ്യങ്ങളുടെ സംയോജനം

ലയനക്കരാർ - സർദാർ വല്ലഭായ് പട്ടേൽ - വിപി മേനോൻ ലയനകരാർ അനുസരിച്ച് നാട്ടുരാജ്യങ്ങളിൽ പ്രതിരോധം, വിദേശ്യകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന് കൈമാറണം. ജനകീയ പ്രതിഷേധങ്ങളും ഇന്ത്യാഗവൺമെന്റിന്റെ പ്രായോഗികസമീപനങ്ങളും മൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവെച്ചു. ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ രാജ്യങ്ങളെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

### ഭരണഘടനാ രൂപീകരണവും ആദ്യപൊതു തിരഞ്ഞെടുപ്പും

1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷനായി ഭരണഘടനാ നിർമ്മാണ സഭ - ഡ്രാഫ്റ്റിങ് കമ്മിറ്റി ചെയർമാൻ ബി. ആർ. അംബേദ്കർ 1950 ജനുവരി 26 ന് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിലവിൽ വന്നു. ആദ്യം പൊതു തിരഞ്ഞെടുപ്പ് 1951-52 ഇന്ത്യയുടെ ജനാധിപത്യ വ്യവസ്ഥ ഇന്നും ശക്തമായി നിലകൊള്ളുന്നു.

### ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം

1920 ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാ സംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി സ്വാതന്ത്ര്യസമര സേനാനിയായിരുന്ന പോട്ടി ശ്രീരാമലു നിരാഹാരം നടത്തി. തുടർന്ന് അദ്ദേഹം മരിച്ചു. 1953 ൽ ആന്ധ്രാപ്രദേശ് സംസ്ഥാന രൂപീകരിച്ചു. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടിപ്പിക്കുന്നതിനായി കമ്മീഷൻ-ഫസൽ അലി ചെയർമാൻ കമ്മീഷനിലെ മറ്റ് അംഗങ്ങൾ എച്ച്. എൻ കുൻസ്രു, കെ.എം പണിക്കർ ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 ഇന്ത്യൻ സംസ്ഥാന പുനഃസംഘടനാ നിയമം പാർലമെന്റ് പാസാക്കി. ഇതുപ്രകാരം 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽവന്നു.

**ഇന്ത്യൻ സാമ്പത്തിക മേഖലകളിലെ മുന്നേറ്റങ്ങൾ**

- അൻപത്തിയഞ്ച് പദ്ധതികൾ (1952)
- മിശ്രസമ്പദ്‌വ്യവസ്ഥ
- വൻകിട അണക്കെട്ടുകൾ
- പഞ്ചവത്സര പദ്ധതികൾ (1951)
- 1950 ൽ ആസൂത്രണ കമ്മീഷൻ
- സാമ്പത്തികാസൂത്രണം (സോവിയറ്റ് യൂണിയനിൽ നിന്ന് സ്വീകരിച്ചു)
- ഇരുമ്പുരുക്ക് വ്യവസായ ശാലകൾ

## ■ വിദേശ സഹായത്തോടെ ഇന്ത്യയിൽ ആരംഭിച്ച ഇരുമ്പുരുക്ക് വ്യവസായശാലകൾ

| ഇരുമ്പുരുക്കു വ്യവസായ ശാലകൾ | സഹായം നൽകിയ രാഷ്ട്രങ്ങൾ |
|---|---|
| ഭിലായി | സോവിയറ്റ് യൂണിയൻ |
| ബൊക്കാറോ | സോവിയറ്റ് യൂണിയൻ |
| റൂർക്കേല | ജർമനി |
| ദുർഗാപ്പൂർ | ബ്രിട്ടൻ |

## ■ ശാസ്ത്ര-സാങ്കേതിക രംഗത്തെ നേട്ടങ്ങൾ

**ഗവേഷണ സ്ഥാപനങ്ങൾ**

- ശാസ്ത്ര-വ്യവസായിക ഗവേഷണസമിതി (ഹോമി ജഹാംഗീർ ഭാഭ, എസ്.എൻ. ഭട്നാഗർ)
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് (ഹോമി ജഹാംഗീർ ഭാഭ)
- ഇന്ത്യൻ ആണവോർജ കമ്മീഷൻ (ഹോമി ജഹാംഗീർ ഭാഭ)
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (IIT)

**ഇന്ത്യയും ബഹിരാകാശ ഗവേഷണവും**

- ആണവ, ബഹിരാകാശ ശാസ്ത്രജ്ഞർ (ഡോ. രാജാരാമ്മണ്ണ, ഡോ. എ.പി.ജെ അബ്ദുൾകലാം വിക്രം സാരാഭായ്)
- 1969 (ഐ.എസ്.ആർ.ഒ)
- ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം (തുമ്പ)
- ആര്യഭട്ട (ആദ്യ ഉപഗ്രഹം)
- മിസൈലുകൾ (അഗ്നി, പൃഥ്വി)
- നാഷ്ണൽ റിമോട്ട് സെൻസിങ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലബോറട്ടറി
- ചന്ദ്രയാൻ, മംഗൾയാൻ

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| • ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | • സർവ്വകലാശാലാ വിദ്യാഭ്യാസം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസം<br>• സ്ത്രീ വിദ്യാഭ്യാസം<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) യുടെ രൂപീകരണം |
| • ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | • സെക്കണ്ടറി വിദ്യാഭ്യാസം | • ത്രിഭാഷാ പദ്ധതി<br>• വിദ്യാഭ്യാസ കമ്മീഷൻ സെക്കണ്ടറി തലത്തിൽ<br>• വിവിധോദ്ദേശ്യ സ്കൂളുകൾ<br>• അധ്യാപക പരിശീലന സമിതി |
| • ഡോ. ഡി. എസ്. കോത്താരി കമ്മീഷൻ (1964) | • വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃക | • 10+2+3 മാതൃക<br>• തൊഴിലധിഷ്ഠിത വിദ്യാഭ്യാസം-സെക്കണ്ടറി തലത്തിൽ<br>• മൂല്യാധിഷ്ഠിത വിദ്യാഭ്യാസം |


**1986 ലെ ദേശീയ വിദ്യാഭ്യാസനയം-നിർദ്ദേശങ്ങൾ**

- പ്രാഥമിക വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം
- നവോദയ വിദ്യാലയങ്ങൾ
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്-, പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുക, സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക

## വിദ്യാഭ്യാസം മൗലികാവകാശം - 2009

**സാംസ്കാരിക നേട്ടങ്ങൾ**

| സ്ഥാപനങ്ങൾ | പ്രവർത്തനങ്ങൾ | ആസ്ഥാനം |
|---|---|---|
| ♦ സംഗീത-നാടക അക്കാദമി | ♦ സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനം | ♦ ന്യൂഡൽഹി |
| ♦ ലളിതകലാ അക്കാദമി | ♦ ഇന്ത്യൻ കലകളുടെ പ്രചാരണം | ♦ ന്യൂഡൽഹി |
| ♦ സാഹിത്യ അക്കാദമി | ♦ ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം | ♦ ന്യൂഡൽഹി |
| ♦ നാഷ്ണൽ സ്കൂൾ ഓഫ് ഡ്രാമ | ♦ നാടകമേള | ♦ ന്യൂഡൽഹി |
| ♦ നാഷ്ണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | ♦ കുറഞ്ഞ ചിലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, വായന വളർത്തുക | ♦ ന്യൂഡൽഹി |




**പഞ്ചശീലതത്വങ്ങൾ-1954 ൽ ഇന്ത്യ-ചൈന**

- രാജ്യത്തിന്റെ അതിർത്തിയും, പരമാധികാരവും അംഗീകരിക്കുക
- പരസ്പരം ആക്രമിക്കാതിരിക്കുക
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും
- സമാധാനപരമായ സഹവർത്തിത്വം

## സോഷ്യൽ സയൻസ്

### അദ്ധ്യായം - 8

# കേരളം ആധുനികതയിലേക്ക്

**വ്യാപാരത്തിനായി കേരളത്തിൽ വന്ന യൂറോപ്യർ**

**പോർട്ടുഗീസുകാർ**
- കോഴിക്കോട്
- കുഞ്ഞാലിമരക്കാരുടെ നേതൃത്വത്തിൽ നാവിക പ്പടയുടെ ചെറുത്തു നിൽപ് വിജയിച്ചില്ല
- 1663 ൽ ഡച്ചുകാർ പോർട്ടുഗീസുകാരെ തുരത്തി

**ഡച്ചുകാർ**
- 1741 ൽ കുളച്ചൽ യുദ്ധ ത്തിൽ തിരുവിതാംകൂർ ഭരണാധികാരി മാർത്താ ണ്ഡവർമ്മ ഡച്ചുകാരെ പരാജയപ്പെടുത്തി

**ഫ്രഞ്ചുകാർ**
- കർണാട്ടിക് യുദ്ധങ്ങൾ
- ബ്രിട്ടീഷുകാർ വിജയിച്ചു

**ഇംഗ്ലീഷുകാർ**
- വ്യാപാര കുത്തക
- പാണ്ടികശാലകൾ
- 1721 ൽ ആറ്റിങ്ങൽ കലാപം
- • 1792 ൽ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചു.
  • 1792 ൽ കൊച്ചിരാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. 1795 ലെ ഉടമ്പടിപ്രകാരം തിരുവി താംകൂറും ബ്രിട്ടീഷ്മേൽക്കോയ്മ അംഗീകരിച്ചു

## കേരളത്തിലെ ബ്രിട്ടീഷ് ആദ്യകാല ചെറുത്തുനിൽപുകൾ

### മലബാർ

- പഴശ്ശിക്കലാപങ്ങൾ
- പഴശ്ശിരാജ നേതൃത്വം
- വയനാട്ടിലെ കുറിച്യനേതാവായ തലക്കൽ ചന്തു തുടങ്ങിയവരുടെ സഹായത്താൽ ശക്തമായ ഒളിപ്പോർ നടത്തി
- 1805 നവംബർ 30 ന് പഴശ്ശിരാജ മരണപ്പെട്ടു.

### തിരുവിതാംകൂർ

- വേലുത്തമ്പി
- 1809 ജനുവരി 1 ന് കുണ്ടറ വിളംബരം
- ആയുധമെടുത്തു പോരാടി
- പിടിക്കപ്പെടുമെന്നുറപ്പായപ്പോൾ വേലുത്തമ്പിദളവ മണ്ണടിയിലെ ക്ഷേത്രത്തിൽ വെച്ച് ആത്മഹത്യചെയ്തു.

### കൊച്ചി

- പാലിയത്തച്ചൻ
- തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും സംയുക്ത സൈന്യം ബ്രിട്ടീഷ് റസിഡന്റ് മെക്കാളയുടെ വസതി ആക്രമിച്ചു.
- ബ്രിട്ടീഷുകാർ അടിച്ചമർത്തി
- പാലിയത്തച്ചനെ മദ്രാസിലേക്കു നാടുകടത്തി

## കേരളത്തിൽ വ്യാപാരം സുഗമമാക്കാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികൾ

- വ്യാപാരനിയമങ്ങൾ ബ്രിട്ടിഷുകാർക്ക് അനുകൂലമായി ഭേദഗതി ചെയ്തു
- ഏകീകരിച്ച നാണയ വ്യവസ്ഥ അളവുതൂക്ക സമ്പ്രദായം എന്നിവ നടപ്പിലാക്കി
- ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി
- തുറമുഖങ്ങൾ വികസിപ്പിച്ചു

## ഭൂ ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ

**മലബാർ**

- 1929 ൽ മലബാർ കുടിയായ്മ നിയമം
- കർഷകർക്ക് ഭൂമിയുടെമേൽ നാമമാത്ര അവകാശം ലഭിച്ചു

**തിരുവിതാംകൂർ**

- 1865 ൽ പണ്ടാരപ്പാട്ട വിളബംരം
- 1896 ൽ ജന്മി-കുടിയാൻ നിയമം
- കുടിയാന് ഭൂമിയുടെമേൽ ഉടമാവാകശം ലഭിച്ചു

**കൊച്ചി**

- 1914 ൽ കുടിയായ്മ നിയമം നിലവിൽ വന്നു.

## ■ കാർഷിക മേഖലയിലെ വാണിജ്യവത്ക്കരണം

ബ്രിട്ടീഷുകാരുടെ വരവോടുകൂടി കേരളത്തിലെ പരസമ്പരാഗത കാർഷിക വിളകൾ കൃഷി ചെയ്തിരുന്നത് കുറഞ്ഞുവരികയും വൻകിട തോട്ടവിളകൾ വ്യാപകമാകുകയും ചെയ്തു.

**തോട്ടവ്യവസായങ്ങൾ**

| തേയില | കാപ്പി | റബ്ബർ |
|---|---|---|

**പരമ്പരാഗത വ്യവസായങ്ങൾ**

| നാളികേരം | കയർ | കശുവണ്ടി | കൈത്തറി | ബീഡി |
|---|---|---|---|---|
| (ആലപ്പുഴ) | (ആലപ്പുഴ) | (കൊല്ലം) | (കണ്ണൂർ, കോഴിക്കോട്) | (കണ്ണൂർ) |

## ■ ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ കേരളത്തിൽ സ്ഥാപിക്കപ്പെട്ട വ്യവസായ ശാലകൾ

| | | |
|---|---|---|
| പുനലൂർ പേപ്പർമിൽ | – | കൊല്ലം |
| ഫാക്ട് (FACT) | – | എറണാകുളം |
| കുണ്ടറ സിറാമിക്സ് | – | കൊല്ലം |
| റബ്ബർ വർക്സ് | – | തിരുവനന്തപുരം |
| ടാറ്റാ ഓയിൽ മിൽസ് | – | കൊച്ചി |
| അളഗപ്പ തുണിമിൽ | – | കൊച്ചി |

- കേരളത്തിൽ ആദ്യമായി രൂപംകൊണ്ട സ്വകാര്യബാങ്ക് – നെടുങ്ങാടി ബാങ്ക്
- മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയ്യാറാക്കിയത് – ഡോ. ആഞ്ചലോസ് ഫ്രാൻസിസ്
- മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥമാണ് – സംക്ഷേപവേദാർത്ഥം
- ഇംഗ്ലീഷ്-മലയാളം നിഘണ്ടു – ബെഞ്ചമിൻ ബെയ്‌ലി
  മലയാളം-ഇംഗ്ലീഷ് നിഘണ്ടു – ഡോ. ഹെർമൻ ഗുണ്ടർട്ട്
- മലയാളത്തിലെ ആദ്യത്തെ പത്രങ്ങൾ – രാജ്യസമാചാരം, പശ്ചിമോദയം
- തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയത് – ഗൗരി പാർവ്വതിഭായി

| മിഷിനറി സംഘം | പ്രവർത്തനമേഖല |
|---|---|
| • ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്) | • തിരുവിതാംകൂർ |
| • ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്) | • കൊച്ചി. തിരുവിതാംകൂർ |
| • ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) | • മലബാർ |

■ **ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ നിയമരംഗത്തും ആരോഗ്യരംഗത്തും ഉണ്ടായ മാറ്റങ്ങൾ**

- ഏകീകൃത ശിക്ഷാവിധികൾ (കോടതികൾ)
- സർക്കാർ ആശുപത്രികൾ (ആധുനിക വൈദ്യശാസ്ത്രത്തിന് പ്രാധാന്യം)
- മരുമക്കായത്തിൽ നിന്ന് മക്കായത്തിലേക്ക്

| സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠ സ്വാമികൾ | സമത്വസമാജം |
| • ചട്ടമ്പി സ്വാമികൾ | • കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി |
| • ശ്രീനാരായണ ഗുരു | • ശ്രീനാരായണ ധർമ്മപരിപാലനയോഗം |
| • കുര്യാക്കോസ് ഏലിയാസ് ചാവറ | • അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു |
| • അയ്യങ്കാളി | • സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൾഖാദർ മൗലവി | • തിരുവിതാംകൂർ മുസ്ലീം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | • ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | • സഹോദരപ്രസ്ഥാനം |
| • പണ്ഡിറ്റ് കെ. പി. കറുപ്പൻ | • അരയസമാജം |
| • മന്നത്ത് പത്മനാഭൻ | • നായർസർവ്വീസ് സൊസൈറ്റി |
| • വി. ടി. ഭട്ടതിരിപ്പാട് | • യോഗക്ഷേമ സഭ |
| • കുമാര ഗുരുദേവൻ | • പ്രത്യക്ഷരക്ഷാ ദൈവസഭ |

| ചാന്നാർ കലാപം (1859) | വൈക്കം സത്യാഗ്രഹം (1924) |
|---|---|
| മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ നടത്തിയ കലാപം | വൈക്കം ക്ഷേത്രത്തിന്റെ ചുറ്റുമുള്ള പൊതുനിരത്തിലൂടെ എല്ലാവർക്കും സഞ്ചാര സ്വാതന്ത്ര്യം ആവശ്യപ്പെട്ടുകൊണ്ട് ടി. കെ. മാധവന്റെ നേതൃത്വത്തിൽ നടന്നു. |

■ **ഗുരുവായൂർ സത്യാഗ്രഹം (1931)**

ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാവിഭാഗം ഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സമരം


## ദേശീയ പ്രസ്ഥാനം കേരളത്തിൽ

■ **മലബാറിലെ രാഷ്ട്രീയ സമരങ്ങൾ**

| | |
|---|---|
| 1939 | കോൺഗ്രസ് ലിസ്റ്റ്പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപപ്പെട്ടു |
| 1934 | കേരളത്തിലെ കോൺഗ്രസ് പ്രവർത്തകരിൽ ഒരുവിഭാഗം സോഷ്യലിസ്റ്റ് പാർട്ടിക്കാരായി |
| 1930 | നിയമലംഘന പ്രസ്ഥാനം മലബാറിൽ ശക്തമായി (കെ. കേളപ്പൻ-പയ്യന്നൂർ, കോഴിക്കോട്-മുഹമ്മദ് അബ്ദുൾ റഹിമാൻ) |
| 1921 | മലബാർ കലാപം |
| 1916 | മലബാർ ജില്ലാ കോൺഗ്രസിന്റെ പ്രഥമ സമ്മേളനം അദ്ധ്യക്ഷ - ആനിബസന്റ് |

■ **മലബാർ കലാപം (1921)**

- ഖിലാഫത്ത് പ്രസ്ഥാനം മലബാറിൽ ശക്തിപ്പെട്ടതിനെതുടർന്ന് ബ്രിട്ടീഷുകാരുമായി പലയിടത്തും ഏറ്റുമുട്ടലുകളുണ്ടായി.
- ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലായി മലബാറിലെ കർഷകരായ മാപ്പിളമാർ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി.



## ■ തിരുവിതാംകൂർ - രാഷ്ട്രീയ പ്രക്ഷോഭം

- 1946 – പുന്നപ്ര വയലാർ സമരം-(സി. പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്ക്കാര ങ്ങൾക്കെതിരെ)
- 1938 – തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്-പട്ടംതാണുപിള്ള പ്രസിഡന്റ്
- 1932 – നിവർത്തനപ്രക്ഷോഭം (ജനസംഖ്യാനുപാതികമായി സംവരണം - ക്രിസ്ത്യൻ-മുസ്ലീം -ഈഴവ സമുദായക്കാർ)
- 1896 – ഈഴവ മെമ്മോറിയൽ-ഡോ. പൽപ്പു (ഈഴവർക്ക് മതിയായ പ്രാതിനിത്യം)
- 1891 – മലയാളി മെമ്മോറിയൽ-ജി.പി. പിള്ളയുടെ നേതൃത്വത്തിൽ (സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം)

## ■ കൊച്ചി-രാഷ്ട്രീയ പ്രക്ഷോഭം

- 1941 – കൊച്ചി രാജ്യപ്രജാമണ്ഡലം-എസ്. നീലകണ്ഠ അയ്യർ, വി. ആർ. കൃഷ്ണ നെഴുത്തച്ഛൻ എന്നിവരുടെ നേതൃത്വത്തിൽ (ഇ. ഇക്കണ്ടവാര്യർ, പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി)
- 1936 – ഇലക്ട്രിസിറ്റ് സമരം - ദിവാനായിരുന്ന ഷൺമുഖം ചെട്ടി വൈദ്യുതിവിത രണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്നത്.

**ദേശീയപ്രസ്ഥാനവും സ്ത്രീകളും**

- തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ
- 1931 ൽ കോൺഗ്രസിന്റെ വടകര സമ്മേളനത്തിന്റെ ഭാഗമായിട്ടുള്ള മഹിളാ സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ മഹിളാസമ്മേളനം
- മലബാറിൽ എ. വി. കുട്ടിമാളു അമ്മ
- പ്രവർത്തനങ്ങൾ-വിദേശവസ്ത്ര ബഹിഷ്ക്കരണം, മദ്യഷാപ്പ് പിക്കറ്റിങ്, അയിത്തത്തോച്ചാടനം, ഖാദി പ്രചരണം .........................

## ഐക്യകേരളം

1956 – കേരളസംസ്ഥാനം രൂപീകൃതമായി (നവംബർ 1)

1949 – തിരുകൊച്ചി സംസ്ഥാനം- തിരുവിതാംകൂറിനെയും കൊച്ചിയെയും സംയോജിപ്പിച്ചു (ജൂലൈ 1)

1947 – ഐക്യകേരളകൺവൻഷൻ-കേളപ്പന്റെ അദ്ധ്യക്ഷതയിൽ തൃശൂരിൽ

– പയ്യന്നൂർ കോൺഗ്രസ് സമ്മേളനം-അദ്ധ്യക്ഷൻ ജവഹർലാൽ നെഹ്റു- കേരളത്തെ പുനഃസംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

– കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി-തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി

1921 – ഒന്നാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനം ഒറ്റപ്പാലത്ത്-അദ്ധ്യക്ഷൻ ടി. പ്രകാശം

1920 – നാഗ്പൂരിൽ-ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനകോൺഗ്രസ് കമ്മിറ്റി

## അദ്ധ്യായം – 9
## രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

**രാഷ്ട്രത്തിന്റെ ഘടകങ്ങൾ**

- **ജനങ്ങൾ** (ജനങ്ങൾ ഇല്ലാതെ രാഷ്ട്രമില്ല)
- **ഭൂപ്രദേശം** (കൃത്യമായ അതിർത്തിയോട് കൂടിയ ഭൂപ്രദേശം)
- **ഗവൺമെന്റ്** (നിയമങ്ങൾ നിർമ്മിക്കുക, നടപ്പാക്കുക, നീതി ഉറപ്പാക്കുക)
- **പരമാധികാരം**
  - **ആഭ്യന്തരതലം** ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനെടുക്കാനുള്ള അധികാരം
  - **ബാഹ്യതലം** അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം

**എന്താണ് രാഷ്ട്രം :** ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

**പൗരത്വം**
ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വം

- **സ്വാഭാവിക പൗരത്വം** ജന്മനാ ലഭിക്കുന്ന പൗരത്വം
- **ആർജ്ജിത പൗരത്വം** നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നേടിയെടുക്കുന്നത്.

**രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പര ബന്ധം**

**അവകാശങ്ങൾ**

രാഷ്ട്രം → പൗരൻ

പൗരൻ → രാഷ്ട്രം

**കടമകൾ**

രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുള്ള പഠനമാണ് **രാഷ്ട്ര തന്ത്രശാസ്ത്രം**

**രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവ്** — **അരിസ്റ്റോട്ടിൽ**

**രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖലകൾ**

- താരതമ്യ രാഷ്ട്രീയം
- പൊതുഭരണം
- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- അന്തർ ദേശീയ രാഷ്ട്രീയം

**രാഷ്ട്രതന്ത്രപഠനം എന്തിന് ?**

- രാഷ്ട്രീയ പ്രക്രിയിൽ സജീവമായി ഇടപെടുക
- പൊതുവിഷയങ്ങളെ യുക്തിപൂർവ്വം വിശകലനം ചെയ്യുക
- പൊതുവിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെടുക

**രാഷ്ട്രത്തിന്റെ ചുമതലകൾ**

**നിർബന്ധിതമായ ചുമതല**

അതിർത്തി സംരക്ഷണം
ആഭ്യന്തര സമാധാനം
അവകാശ സംരക്ഷണം
നീതി നടപ്പാക്കൽ

**വിവേചനപരമായ ചുമതല**

ആരോഗ്യസംരക്ഷണം നൽകുക
വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
ക്ഷേമ പദ്ധതികൾ നടപ്പാക്കുക
ഗതാഗത സൗകര്യം ഒരുക്കുക

**ക്ഷേമ രാഷ്ട്രം**

പുരോഗമനപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന രാഷ്ട്രമാണ് ക്ഷേമ രാഷ്ട്രം

| നിർബന്ധിതമായ ചുമതല | വിവേചനപരമായ ചുമതല |
| --- | --- |
| രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകളാണ് നിർബന്ധിത ചുമതലകൾ | രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതലകളാണ് വിവേചനപരമായ ചുമതലകൾ |

## രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ

**ദൈവദത്ത സിദ്ധാന്തം**
രാഷ്ട്രം ദൈവസൃഷ്ടിയാണ് രാജാവ്. ദൈവത്തിന്റെ പ്രതിപുരുഷനാണ്. ദൈവത്തോട് മാത്രമേ രാജാവിന് കടപ്പാടുള്ളൂ

**പരിണാമ സിദ്ധാന്തം**
രാഷ്ട്രം ചരിത്രസൃഷ്ടിയാണ്. സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപം കൊണ്ടു.

**സാമൂഹിക ഉടമ്പടി സിദ്ധാന്തം**
മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാത്കരിക്കാനായി ജനങ്ങൾ ഒരു കരാറിലൂടെ രാഷ്ട്രത്തിന് രൂപം നൽകി

**ശക്തി സിദ്ധാന്തം**
ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

**പരിണാമ സിദ്ധാന്തം** - ഏറ്റവും സ്വീകാര്യമായ രാഷ്ട്രരൂപീകരണ സിദ്ധാന്തം
**ദേശരാഷ്ട്രം** - പൊതുവായ ദേശീയ കാഴചപ്പാടിനെ അടിസ്ഥാനമാക്കി രൂപം കൊള്ളുന്നതിനാലാണ് ആധുനിക രാഷ്ട്രങ്ങളെ ദേശരാഷ്ട്രം എന്നു വിളിക്കുന്നത്

## സോഷ്യൽ സയൻസ് - I

### അദ്ധ്യായം -10

### പൗരബോധം

**പൗരബോധം ;** ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം

**പൗരബോധത്തിന്റെ പ്രധാന്യം**

- രാഷ്ട്രപുരോഗതിക്ക് അനിവാര്യമാണ്
- ക്ഷേമം ഉറപ്പാക്കുന്നതിനും സമൂഹത്തിന്റെ പുനർനിർമ്മാണത്തിനും
- നിസ്വാർത്ഥ പ്രവർത്തനങ്ങൾക്ക്
- സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാകുന്നതിന്

| സാമൂഹ്യ പ്രശ്നങ്ങൾ | നമുക്ക് എന്തെല്ലാം ചെയ്യാം? |
|---|---|
| • **ജലക്ഷാമം** | • ഉപയോഗം ക്രമീകരിക്കുക<br>• മഴവെള്ളസംഭരണം<br>• മലിനമാകാതെ സംരക്ഷിക്കുക |
| •**പരിസരമലിനീകരണം** | • ഉറവിട മാലിന്യ സംസ്കരണം<br>• മരങ്ങൾ വച്ചു പിടിപ്പിക്കുക<br>•പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളും ക്യാരിബാഗുകളും ഉപയോഗിക്കുക |
| • **അഴിമതി** | • ബോധവൽക്കരണം<br>• പരാതിപ്പെടൽ<br>• അഴിമതിക്കാരെ ഒറ്റപ്പെടുത്തൽ |

**പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ**

- സംഘടനകൾ
- വിദ്യാഭ്യാസം
- കുടുംബം
- സാമൂഹിക വ്യവസ്ഥ
- രാഷ്ട്രീയ വ്യവസ്ഥ

## പൗരബോധം വളർത്തിയെടുക്കാനുള്ള മാർഗങ്ങൾ

**കുടുംബം**
- മുതിർന്നവരെ ബഹുമാനിക്കാൻ
- സമൂഹ സേവനം
- കർത്തവ്യബോധം

**വിദ്യാഭ്യാസം**
- മൂല്യബോധം
- സഹിഷ്ണുത
- നേതൃത്വഗുണം
- പരിസ്ഥിതിബോധം
- ശാസ്ത്രാവബോധം

**സംഘടനകൾ**
- പരിസ്ഥിതി സംരക്ഷണം
- മനുഷ്യാവകാശ സംരക്ഷണം
- ജീവകാരുണ്യ പ്രവർത്തനം
- പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും സൃഷ്ടിക്കൽ

**മാധ്യമങ്ങൾ**
- വസ്തുനിഷ്ഠമായ വിവരങ്ങൾ ജനങ്ങളിലേക്കെത്തിക്കുക
- ക്രിയാത്മകമായ ആശയ രൂപീകരണം
- വിമർശനാത്മകമായ വിലയിരുത്തലിലേക്ക് ജനങ്ങളെ നയിക്കുക

**ജനാധിപത്യം – ഭരണക്രമം എന്നതിലുപരി ജീവിതശൈലി**

* എല്ലാ പ്രവർത്തനങ്ങളിലും ജനാധിപത്യ സമീപനം
* മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുക.
* സഹജീവികളെക്കുറിച്ച് ചിന്തിക്കുക.
* സ്വാതന്ത്ര്യം, സമത്വം, അവകാശ സംരക്ഷണം എന്നിവയ്ക്കുവേണ്ടി പ്രവർത്തിക്കുക
* നിയമവാഴ്ചയിൽ വിശ്വസിക്കുക.

**ഉത്തമ പൗരബോധമുള്ള വ്യക്തിത്വങ്ങൾ**

| | | |
|---|---|---|
| **എ.പി.ജെ.അബ്ദുൾകലാം** | → | മാനുഷികത |
| **മദർതെരേസ** | → | സഹജീവിസ്നേഹം |
| **മയിലമ്മ** | → | കർത്തവ്യബോധം |
| **ദശരഥ് മാഞ്ചി** | → | അർപ്പണ മനോഭാവം |

## പൗരബോധവും ധാർമ്മികതയും

നന്മതിന്മകൾ തരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുന്നതുമാണ് ധാർമ്മികത.

ധാർമ്മികത പൗരബോധത്തെ സഹായിക്കുന്നു. അധാർമ്മികത പൗരബോധം ഇല്ലാതാക്കുന്നു.

**പൗരബോധമുള്ള പ്രവർത്തനങ്ങൾ**

- പ്രകൃതിയെ സംരക്ഷിക്കുക.
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക
- മുതിർന്നവരെ ബഹുമാനിക്കുക
- മാലിന്യ സംസ്ക്കരണം
- ട്രാഫിക് നിയമങ്ങൾ പാലിക്കുക

**പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗ്ഗങ്ങൾ**

- അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തൽ
- പൊതുതാൽപര്യം ഹനിക്കാതെ സ്വന്തം താൽപര്യങ്ങൾക്കു വേണ്ടി പരിശ്രമിക്കുക
  സ്വയം മാറുക.
- ജനാധിപത്യം, സഹിഷ്ണുത പാലിക്കുക.
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്ക് പ്രാധാന്യം

**പൗരബോധ രൂപികരണത്തിന് സാമൂഹ്യശാസ്ത്രപഠനം എങ്ങനെ സഹായിക്കുന്നു.**

- വൈവിധ്യങ്ങളെ ബഹുമാനിക്കാനും, സഹിഷ്ണുതയോടെ പെറുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
- പ്രശ്ന പരിഹാരശേഷി ഉണ്ടാക്കുന്നു.
- സമാധാന, സഹവർത്തിത്വ സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
- മാതൃകകളെയും, പ്രവർത്തനങ്ങളെയും പരിചയപ്പെടാൻ അവസരം.
- വിവിധ പ്രശ്നങ്ങളുടെ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ

# സോഷ്യൽ സയൻസ് – 1
## അധ്യായം – 11
## സമൂഹശാസ്ത്രം : എന്ത് ? എന്തിന് ?

### സർഗരചന

- ഭാവന, സർഗാത്മകത, എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.
- സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്ക്കരിക്കുന്നു.
- സർഗരചന ആസ്വാദനം ലക്ഷ്യം

### സാമൂഹ്യശാസ്ത്രപഠനം

- സാമൂഹിക പ്രതിഭാസങ്ങൾ/വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു
- സാമൂഹികാവസ്ഥകളെ കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു
- സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു.

### സാമൂഹ്യശാസ്ത്രങ്ങളിലെ വിവിധ വിഷയങ്ങൾ

* സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം – **ധനതത്വശാസ്ത്രം**
* കഴിഞ്ഞ കാലത്തെക്കുറിച്ചും, സംസ്ക്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം – **ചരിത്രം**
* രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം – **രാഷ്ട്രതന്ത്രശാസ്ത്രം**
* മനുഷ്യ ഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം – **നരവംശശാസ്ത്രം**
* മനുഷ്യ മനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം – **മനശാസ്ത്രം**
* മനുഷ്യനും സാമൂഹിക ചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയമേഖല – **സമൂഹശാസ്ത്രം**

### സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ

- ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം
- ഫ്രഞ്ച് വിപ്ലവം
- വ്യവസായിക വിപ്ലവം

## സമൂഹശാസ്ത്രത്തിന്റെ പിതാവ് – അഗസ്ത് കോംതെ

**സമൂഹശാസ്ത്രപഠനം എന്തിന് ?**

1 സമൂഹത്തെക്കുറിച്ച് ധാരണ രൂപീകരിക്കാൻ
2 സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ
3 സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ
4 വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ
5 സാമൂഹികാസൂത്രണത്തിനും വികസനത്തിനും

**സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ**

* സാമൂഹിക സ്ഥാപനങ്ങൾ
* സാമൂഹിക സംഘങ്ങൾ
* സാമൂഹിക ബന്ധങ്ങൾ
* സാമൂഹിക നിയന്ത്രണം
* സമുദായങ്ങൾ
* സാമൂഹിക പ്രശ്നങ്ങൾ

**സമൂഹശാസ്ത്രത്തിലെ പഠനരീതികൾ**

♦ സോഷ്യൽ സർവേ
♦ അഭിമുഖം
♦ നിരീക്ഷണം
♦ കേസ് സ്റ്റഡി

**സാമ്പിൾ സർവേ**

തെരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്ന രീതി

**സോഷ്യൽ സർവേ**

- വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് ചോദ്യാവലി
- ചോദ്യാവലി പ്രതികർത്താക്കൾക്ക് നൽകിക്കൊണ്ട് വിവരശേഖരണം നടത്തുന്നു
- വലിയ വിഭാഗം ജനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാൻ സർവേ രീതി ഉപയോഗിക്കുന്നു

**അഭിമുഖം**

- വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, സൂക്ഷ്മതലത്തിൽവിശകലനം
- വിവരശേഖരണത്തിന് ഉപയോഗിക്കുന്ന പ്രധാന രീതി
- വാമൊഴിയായി വിവരങ്ങൾ ശേഖരിക്കുന്നു.
- ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണം

**അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

* ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ
* ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ
* സമയക്രമീകരണം
* ഫലവത്തായ രീതയിലുള്ള ആശയവിനിമയം

| അഭിമുഖം | ചോദ്യാവലി |
|---|---|
| * വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു.<br>* ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു.<br>* ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണം | * വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു.<br>* പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു.<br>* വലിയവിഭാഗം ജനങ്ങൾ നിന്ന് വിവരശേഖരണം നടത്തുന്നു. |

**നിരീക്ഷണം**

കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതി

**പങ്കാളിത്ത നിരീക്ഷണം**
പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്നു.

**പങ്കാളിത്ത രഹിത നിരീക്ഷണം**
പഠനസംഘത്തെ പുറത്തു നിന്ന് നിരീക്ഷിക്കുന്നു.

**കേസ് സ്റ്റഡി**

അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനായി ഉപയോഗിക്കുന്ന രീതി